ശ്രീ

തന്ത്രസമുച്ചയം

(മൂന്നാം ഭാഗം)

ഭാഷാവ്യാഖ്യാനസഹിതം

നവമഃ പടലഃ

അനന്തരം ഉത്സവത്തിന്റെ വിധിയേപ്പറയുന്നു. ഒമ്പതാമത്തേപ്പട ലംകൊണ്ട്.

അഥ പ്രതിഷ്ഠാസ്നപനാദ്യനന്തരം
സമാചരേത് സർവസുപർവ്വസൂത്സവം
തതോഽനുസംവത്സരമുക്തവാസര-
വ്യവസ്ഥയാ ചാഖിലസമ്പദാപ്തയേ. 1

അഥ സർവസു പർവസു പ്രതിഷ്ഠാസ്നപനാദ്യനന്തരം ഉത്സവം സമാചരേത് = അനന്തരം സർവദേവന്മാരിലും പ്രതിഷ്ഠയും ചതുർത്ഥസ്നാനവും കഴിഞ്ഞാൽ ഉത്സവത്തേ ആരംഭിപ്പൂ. തതഃ അഖിലസമ്പദാപ്തയേ അനുസംവത്സരം ഉക്തവാസരവ്യവസ്ഥയാ ച പിന്നെ സർവ്വസമ്പത്തുകളേയും ലഭിപ്പാനായിക്കൊണ്ട് സംവത്സരംതോറും അതാതു ദേവന്മാർക്ക് പ്രധാനമായിട്ടുള്ള നാളുതാൻ പക്കം താൻ വ്യവസ്ഥയായി കല്പിച്ച് ഉത്സവത്തേ ചെയ്യണം.

മാർഗാദിരാധാവധികേഷു ഷട്സു
മാസേഷ്വിഹൈകത്ര പരത്ര വാഽതഃ
സ്വർക്ഷാന്തമാകല്പ്യ സമുപ്തബീജഃ
സപ്താഹനികാദ്യുത്സവമാദധീത. 2

മാർഗഗാദിരാധാവധികേഷു ഇഹ ഷട്സു മാസേഷു = വൃശ്ചികമാസം തുടങ്ങി മേടമാസം കഴിവോളമുള്ള ഈ ആറു മാസങ്ങളിൽ, ഏകത്ര വാ അതഃ പരത്ര വാ = ഇതിൽ ഒരു മാസത്തിൽ താൻ മറ്റുള്ള മാസങ്ങളിൽ താൻ, സ്വർക്ഷാന്തം ആകല്പ്യ = അതതു ദേവന്മാർക്കു വിധിച്ചിരിക്കുന്ന നാളിൽ ആറാട്ടുവരുമാറു നിശ്ചയിച്ച്, സമുപ്തബീജഃസപ്താഹ്നികാദി ഉത്സവം ആദധീത = പള്ളിക്കുറുപ്പിന്റെ ദിവസംകണ്ട് ഏഴു ദിവസം ഒ

www.shripuram.org
Shripuram Publications
www.shripuram.org

മ്പതു ദിവസം ഇത്യാദി പറഞ്ഞിരിക്കുന്നപോലെ അങ്കുരാരോപണത്തേ ചെയ്ത് ഏഴു ദിവസം തുടങ്ങി പന്ത്രണ്ടു ദിവസംവരെയും ഉത്സവത്തേ ചെയ്വൂ. പ്രതിഷ്ഠാദിവസം പ്രമാണമായിട്ടും ഉത്സവത്തേ ആണ്ടുതോറും ചെയ്യാം.

[1] സ്നാത്വാ ചാന്തഃസ്ഫീതഭേര്യാദിനാദോ
ഗർഭാഗാരം പ്രാപ്യ നാന്ദീമുഖാന്തേ
കൃത്വാ പുണ്യാഹം സമാരാധ്യ ദേവം
മന്ത്രീ സങ്കല്പം കരോതൂത്സവസ്യ. 3

മന്ത്രീ = പാദ്യപൂജാക്രമങ്ങളേ അറിഞ്ഞ ആചാര്യൻ സ്ഫീത ഭേര്യാദിനാദഃ = വാദ്യങ്ങളേക്കൊണ്ട് ഉച്ചത്തിൽ കൊട്ടിഘോഷിച്ച് ഉത്സവാരംഭത്തേ എല്ലാ ജനങ്ങളേയും അറിയിച്ച്, സ്നാത്വാ ആചാന്തഃ = കുളിച്ച് ആചമിച്ചു വന്ന്, ഗർഭാഗാരം പ്രാപ്യ = ഗർഭഗൃഹത്തുങ്കൽ ചെന്നു പൂജാസ്ഥാനത്തുങ്കലിരുന്ന്, നാന്ദീമുഖാന്തേ = നാന്ദീമുഖമുദ്ദേശിച്ചു ദാനങ്ങളേ ചെയ്ത്, പുണ്യാഹം കൃത്വാ = ധ്വജദേവതാഃ പ്രീയന്താം എന്നു വിശേഷം കൂട്ടി തണ്ഡുലപൂർണമായ പാത്രത്തിൽ ദർഭമുത്ത്വക്കുകളേക്കൊണ്ട് ശുദ്ധിവരുത്തിയ വാഹനത്തേയും മണിമാല കൊടിക്കൂറകളേയും വച്ചു പുണ്യാഹത്തേ ചെയ്ത്, ദേവം സമാരാധ്യ = പിന്നെ ദേവങ്കൽ പീഠപൂജ തുടങ്ങി പ്രസന്നാർഘ്യം കഴിവോളം ചെയ്തു, മന്ത്രീ ഉത്സവസ്യ സങ്കല്പം കരോതു = ആചാര്യൻ 'ഭഗവൻ! തവോത്സവം കരിഷ്യേ' ഇപ്രകാരം പ്രാർത്ഥിപ്പൂ ഈ വാഹനത്തിൻ പുണ്യാഹം മണ്ഡപത്തിൽ വച്ചു ചെയ്യുന്നു ചിലർ.

തത്രാഗ്രതഃ സ്ഥാപയതു ധ്വജം ച
തദ്ദണ്ഡവാഹാദികമാരചയ്യ
സംശോദ്ധ്യ സംഭ്രഷ്യ ച പല്ലവാദ്യൈഃ
പുണ്യാഹമാധായ യഥാവിധാനം. 4

തത്ര അഗ്രതഃ = അവിടെ ദേവന്റെ മുമ്പിൽ ധ്വജപ്രതിഷ്ഠ ഇല്ലാത്തിടത്തു, തദ്ദണ്ഡവാഹാദികം ധ്വജം ആരചയ്യ സ്ഥാപയതു = ധ്വജത്തേയും അതിന്റെ ദണ്ഡ് വാഹനം കൊടിക്കൂറ ഇത്യാദിയേയുമുണ്ടാക്കിച്ച് പ്രാഗഗ്രമായിട്ടു എങ്കിലും ഉദഗഗ്രമായിട്ടു എങ്കിലും വയ്പിച്ച്, സംശോദ്ധ്യ പല്ലവാദ്യൈഃ സംഭ്രഷ്യ = ധ്വജത്തേ വെള്ളംകൊണ്ടു കഴുകി ആലും മാവും ദർഭകളുംകൊണ്ട് അലങ്കരിച്ച്, യഥാവിധാനം പുണ്യാഹമാധായ ച = വിധിക്കു തക്കവണ്ണം നാന്ദീമുഖത്തേയും പുണ്യാഹത്തേയും ചെയ്വൂ.

Shripuram Publications
www.shripuram.org

1. സ്നാതാചാന്തഃ

വാഹനത്തിന്നു അകത്ത് പുണ്യാഹം ചെയ്യുന്ന പക്ഷത്തിൽ തച്ഛേഷജലംകൊണ്ട് ധ്വജത്തേയും പ്രോക്ഷിപ്പൂ. പുറത്തു ധ്വജസ്ഥാനത്ത് തന്നെ പുണ്യാഹമെങ്കിൽ വാഹനത്തേയും തത്സമീപത്തുവച്ച് പുണ്യാഹത്തേത്തളിപ്പൂ.

സംശോദ്ധ്യ ഭൂതാപ്യയധാരണാദ്യൈ-
സ്തദ്വാഹനം വർണ്ണതനും വിഭാവ്യ
ദേവാഗ്രസംസ്ഥാത് കൃതമൂർത്തികേഽസ്മിൻ
വാഹാങ്ഗനാ വാഹനതോഽഭിവാഹ്യ. 5

ഭൂതാപ്യയധാരണാദ്യൈഃ തദ്വാഹനം സംശോദ്ധ്യ = പിന്നെ 'ഹ്ളാം ഹ്രം ഫട്' ഇത്യാദിമന്ത്രങ്ങളേക്കൊണ്ട് ഭൂതസംഹാരം ശോഷണാദിഭൂതസൃഷ്ടികളേക്കൊണ്ടു വാഹനത്തേ ശുദ്ധിചെയ്ത്, വർണ്ണതനും വിഭാവ്യ = ലിപിന്യാസാന്തം ചെയ്തു വാഹനമന്ത്രപ്രാണായാമാദി പീഠന്യാസവും പീഠപൂജയും ചെയ്ത്, കൃതമൂർത്തികേ അസ്മിൻ = മൂർത്തിയേ കല്പിച്ചിരിക്കുന്ന ഈ വാഹനത്തുങ്കൽ, ദേവാഗ്രസംസ്ഥാത് വാഹനതഃ വാഹാങ്ഗനാ അഭിവാഹ്യ = ദേവന്റെ മുമ്പിൽ നിത്യസന്നിഹിതമായിരിക്കുന്ന വാഹനത്തുങ്കൽനിന്നും നീരാജനമുഴിഞ്ഞ് ശംഖിൽ വെള്ളമുണ്ടാക്കി പ്രണവം ഉപചാരം വാഹനമന്ത്രപുടിതമായിരിക്കുന്ന പഞ്ചതത്ത്വങ്ങളേക്കൊണ്ടു ആവാഹിച്ച് പാത്രത്തുങ്കൽ പൂജിച്ചിരിക്കുന്ന വാഹനത്തുങ്കൽ യോജിപ്പിപ്പൂ.

സാകല്യമാ[2]പാദി സമർച്ച്യ കേതൌ
സമ്യക് പ്രതിഷ്ഠാപ്യ സമിഷ്ടപീഠേ
കേതും ച സംസ്ഥാപ്യ സമിഷ്ടപീഠേ
ഗർത്തേ പതാകാദിപരിഷ്കൃതാംഗം. 6

സാകല്യം ആപാദ്യ സമർച്ച്യ = പിന്നെ പഞ്ചതത്ത്വന്യാസാദി ചെയ്തു സംസ്കരിച്ചു വാഹനത്തേ പുറത്ത് എഴുന്നള്ളിച്ചു കൊടിമരത്തിൻ മൂട്ടിൽ വന്നാൽ, കേതൌ സമ്യക് പ്രതിഷ്ഠാപ്യ = കൊടിമരത്തിന്റെ അഗ്രത്തുങ്കൽ പീഠംപൂജിച്ച് ധ്വജത്തിന്നു ശോഷണാദിയും വൃഷഷൺമുഖവായുമന്ത്രങ്ങളേക്കൊണ്ട് മൂലമദ്ധ്യാഗ്രങ്ങളിൽ പൂജയും ചെയ്ത് വാഹനത്തേ ധ്വജാഗ്രത്തുങ്കൽ നീരാജനപുരസ്സരം പ്രതിഷ്ഠിച്ചു പ്രണവവ്യാപകാദി അംഗന്യാസാന്തം ചെയ്തു നീരാജനത്തേ ഉഴിവൂ. സമിഷ്ടപീഠേ ഗർത്തേ പതാകാദി പരിഷ്കൃതാംഗം കേതും ച സംസ്ഥാപ്യ = പിന്നെ കുഴിയിൽ കുത്തി മണ്ണു കളഞ്ഞ് തളിച്ചു പീഠം പൂജിച്ചു കൊടിക്കൂറയും

2. സാകല്യമാപാദ്യ

Shripuram Publications
www.shripuram.org

മണിമാലകളും ധ്വജദണ്ഡുങ്കൽ കെട്ടി ഉറപ്പിച്ചിരിക്കുന്ന ധ്വജത്തേ ബ്രാഹ്മണരേക്കൊണ്ടു പൊക്കി നിർത്തിച്ച് ചുവട്ടിൽ തറയുമുണ്ടാക്കിച്ചാൽ പുണ്യാഹം തളിച്ച് ആചാര്യൻ തൊട്ടു പ്രതിഷ്ഠയേ കല്പിച്ചു പ്രണവോപചാരവും ചെയ്തു തത്ത്വവാഹനമന്ത്രങ്ങളേ ജപിപ്പൂ.

ആവാഹ്യ സംപൂജ്യ നിവേദ്യ വേദ്യാം
കൃത്വാ ബലിം പ്രാർത്ഥയതാം ച മന്ത്രീ
ധ്വജപ്രതിഷ്ഠാപനകർമ്മ യത്ര
തന്നിത്യസാന്നിദ്ധ്യകൃതേ കൃതം പ്രാക്. 7

തത്രാധുനാ കേതുപടേ/ഭിവാഹ്യ
തദ്വാഹമാരോപ്യ യജേദ്യഥോക്തം
കുര്യാച്ച കേളുൻ ബഹിരഗ്രിമാദി-
ദിക്പീഠികാന്തേ ബലിദേവതാനാം. 8

ആവാഹ്യ സംപൂജ്യ = പിന്നെ ധ്വജമൂലത്തുങ്കൽ വാഹനമന്ത്രം കൊണ്ട് ആവാഹിച്ച് ആവാഹനമുദ്രയും വ്യാപകാംഗവും ചെയ്തു പൂജിച്ച്, നിവേദ്യ വേദ്യാം ബലിംകൃത്വാ = നിവേദിച്ചു തറയിൽ ബലിയും തൂകി പ്രസന്നപൂജയും ചെയ്താൽ, മന്ത്രീ പ്രാർത്ഥയതാം ച = ആചാര്യൻ പ്രാർത്ഥിപ്പൂ.

'ഉത്സവോ വർത്തതേ യാവദയംദേവസ്യ ശാർങ്ഗിണഃ
താവദത്രൈവ രക്ഷാർത്ഥം ധ്വജേത്വം തിഷ്ഠ സർവദാ.'

യത്ര തന്നിത്യസാന്നിദ്ധ്യകൃതേ പ്രാക് ധ്വജപ്രതിഷ്ഠാപനകർമ്മ കൃതം = യാതൊരു ക്ഷേത്രത്തുങ്കൽ മുമ്പിൽതന്നെ ആവാഹനത്തേയും നിത്യം ബലിപൂജാദികളേയും ചെയ്യുന്നതിനായിക്കൊണ്ട് ധ്വജപ്രതിഷ്ഠ ചെയ്തിരിക്കുന്നു, തത്ര അധുനാ കേതുപടേ തദ്വാഹം അഭിവാഹ്യ = അവിടെ കൊടുക്കൂറയേ പാത്രത്തിൽവച്ചു നാന്ദീമുഖാദി വാഹനപൂജയും ചെയ്ത് ആവാഹിച്ച്, ആരോപ്യ യഥോക്തം യജേത് = ആ കൊടിക്കൂറയേ കയറിൽ കെട്ടി മുകളിൽ കരേറ്റി ആവാഹനാദി ഒക്കെയും പറഞ്ഞപോലെ ചെയ്വൂ. ബഹിഃ അഗ്രിമാദിദിക്പീഠികാന്തേ ബലിദേവതാനാം കേളുൻ ച കുര്യാത് = പിന്നെ പുറത്തു എട്ടു ദിക്കിലുമുള്ള ബലിഭുക്കുകളുടെ മന്ത്രംകൊണ്ടു മണ്ഡപസംസ്കാരത്തുങ്കലേപ്പോലെ എട്ടുതാൻ ഒമ്പതുതാൻ ദിഗ്ധ്വജങ്ങളേയും നാട്ടി തത്തന്മന്ത്രംകൊണ്ടു പൂജിച്ചു ബലിയും തൂകു. ഇങ്ങനെ കൊടിയേറ്റിന്റെ ക്രിയ.

Shripuram Publications
www.shripuram.org

പ്രാകാരാന്തഃ സമന്താദ്രുചിരതരവിതാനാദിഭിർഭൂഷയിത്വാ

www.shripuram.org

പൂഗസ്തംഭാദി ശുംഭച് ഛിബിരവിതതിഭിർ യന്ത്രദീപാദിഭിശ്ച സമ്മാർജ്യാ[3]ലിപ്യ മാല്യൈർബഹളപരിമളൈർമണ്ഡയിത്വാ വിശോദ്ധ്യ ഗ്രാമേ സർവത്ര സംസ്ഥാപയതു ശുഭപതാകോജ്ജ്വലാൻ കേതു ദണ്ഡാൻ. 9

പ്രാകാരാന്തഃ = പിന്നെ പുറത്തേ മതിലിന്റെ ഉള്ളിൽ, സമന്താത് = ചുറ്റും, രുചിരതരവിതാനാദിഭിഃ = പന്തലിട്ടു കോണുകളിൽ മണ്ഡപങ്ങളുമുണ്ടാക്കി മനോഹരങ്ങളായിരിക്കുന്ന വിതാനാദികളേക്കൊണ്ടു, പൂഗസ്തംഭാദി ശുംഭച്ഛിബിരവിതതിഭിഃ, പഴുക്കാമണ്ഡപങ്ങളാകുന്ന ശിബിരസമൂഹങ്ങളേക്കൊണ്ടും, യന്ത്രദീപാദിഭിഃ ച = ദീപസ്തംഭാദികളേക്കൊണ്ടും എല്ലാടവും, ഭൂഷയിത്വാ = അലങ്കരിച്ച്, സമ്മാർജ്യ ആലിപ്യ ബഹളപരിമളൈഃ മാല്യൈഃ മണ്ഡയിത്വാ = മതില്ക്കകത്ത് എല്ലാടവും തളിച്ചുമെഴുകി സൌരഭ്യങ്ങളായിരിക്കുന്ന മാലകളേയും കെട്ടിത്തൂക്കി അലങ്കരിച്ച്, ഗ്രാമേ സർവത്ര ശുഭപതാകോജ്ജ്വലാൻ കേതുദണ്ഡാൻ സംസ്ഥാപയതു = തദ്ദേശത്തിന്റെ അവസാനത്തു നാലു ദിക്കുകളിലും നല്ല കൊടിക്കൂറകളോടുംകൂടി ഓരോ ധ്വജങ്ങളേയും നാട്ടിച്ചുകൊള്ളൂ.

ആരഭ്യ ചൈവം മഹമാദ്യരാത്രൌ
ദേവാർച്ചനം ഭൂതബലിം ച കുര്യാത്
പ്രാതശ്ച സായം ച പരേഷ്വഹസ്സു
ബലിം തദിജ്യാം സവനത്രയേ/പി. 10

ആദ്യരാത്രൌ മഹം ആരഭ്യ = മുമ്പിലത്തേ ദിവസം രാത്രിയിങ്കൽ ഇപ്രകാരം ഉത്സവത്തേ ആരംഭിച്ച്, ദേവാർച്ചനം ഭൂതബലിം ച കുര്യാത് = അത്താഴപ്പൂജയേയും ശ്രീഭൂതബലിയേയും ചെയ്വൂ. പരേഷു അഹസ്സു സായംപ്രാതഃ ച ബലിം സവനത്രയേ തദിജ്യാം ച = രണ്ടാം ദിവസം തുടങ്ങി ആറാട്ടുവരെയും നേരത്തും വൈകീട്ടും ശ്രീഭൂതബലിയും മൂന്നുനേരവും സവനപൂജകളേയും ചെയ്വൂ.

ശുദ്ധോദകൈഃ സ്നാനവിധൌ സദുഗ്ദ്ധ-
ദധ്യാജ്യഗന്ധോദകപഞ്ചഗവ്യൈഃ
കേരോദകൈസ്തം കലശൈശ്ച സാധു
സംസ്നാപ്യ ദേവം വിഹിത ക്രമേണ. 11

സ്നാനവിധൌ = സ്നാനകാലത്തുങ്കൽ, ശുദ്ധോദകൈഃ = സദുഗ്ദ്ധദധ്യാജ്യഗന്ധോദകപഞ്ചഗവ്യൈഃ കേരോദകൈഃ കലശൈഃ ച വിഹിത ക്രമേണ ദേവം സംസ്നാപ്യ = ശുദ്ധജലങ്ങളേക്കൊണ്ടും തയിരുകൊണ്ടും

3. സമ്മൃജ്യാലിപ്യ

www.shripuram.org
Shripuram Publications
www.shripuram.org

മോരുകൊണ്ടും അഷ്ടഗന്ധജലങ്ങളേക്കൊണ്ടും തേങ്ങാവെള്ളംകൊണ്ടും നിറച്ചു പൂജിച്ചിരിക്കുന്ന കലശങ്ങളേക്കൊണ്ടും അഭിഷേകത്തേച്ചെയ്‌വൂ.

നവാംശുകാഭ്യാം പരിവേഷ്ട്യ യജ്ഞ-
സൂത്രം ച കൃത്വാ/ഥ കിരീടപൂർവൈഃ
വിഭൂഷയേത് സ്വാർഹവിഭൂഷണൈശ്ച
ഗന്ധൈശ്ച മാല്യൈരപി മാലികാഭിഃ. 12

നവാംശുകാഭ്യാം പരിവേഷ്ട്യ = പിന്നെ കോടിവസ്ത്രങ്ങളെക്കൊണ്ട് അലങ്കരിച്ച്, യജ്ഞസൂത്രം ച കൃത്വാ = പൂണുലും ചാർത്തി കിരീടപൂർവൈഃ സ്വാർഹവിഭൂഷണൈഃ ച ഗന്ധൈഃ മാല്യൈഃ മാലികാഭിഃ ച വിഭൂഷയേത് = കിരീടം കങ്കണം ഇത്യാദി തദുചിതങ്ങളായിരിക്കുന്ന അലങ്കാരങ്ങളേക്കൊണ്ടും ചന്ദനം പൂവ് മാല ഇത്യാദികളേക്കൊണ്ടും അലങ്കരിപ്പൂ.

കാലേഷു ത്രിഷു സാവനൈഃ സ്വമനുഭിർമൂലേന വാ സർവ്വതഃ
സംപൂജ്യാജ്യഗുളോപദംശകദളീകേരാദിയുക്തം ചരും[4]
ദൌഗ്ധാദ്യം വിനിവേദയേദിഹ ശിവേ ദൌഗ്ധാന്നഹാരിദ്രകേ
സദ്യാന്തം കൃസരം ഗുളാന്നസകലാന്നേ ചാനനേഷു ക്രമാത്. 13

സർവതഃ = എല്ലാ ദേവന്മാരിലും, ത്രിഷു കാലേഷു = നേരത്തും ഉച്ചയ്ക്കും വൈകീട്ടും മൂന്നുകാലങ്ങളിലും, സാവനൈഃ സ്വമനുഭിഃ മൂലേന വാ സമ്പൂജ്യ = സവനങ്ങളിൽ വിധിച്ചിരിക്കുന്ന മന്ത്രങ്ങളേക്കൊണ്ട് എങ്കിലും സ്വമൂലംകൊണ്ട് എങ്കിലും പൂജിച്ച്, ആജ്യഗുളോപദംശകദളീകേരാദിയുക്തം ചരും വിനിവേദയേത് = നെയ്യും ശർക്കരയും ഉപദംശങ്ങളും കദളിപ്പഴം തേങ്ങാ മാങ്ങാ ചക്കപ്പഴം ഇത്യാദികളോടും കൂടിയ ഹവിസ്സിനേ നിവേദിപ്പൂ. ഇഹ ശിവേ ദൌഗ്ധാദ്യം വിനിവേദയേത് = ഇവിടെ ശിവങ്കൽ പാല്പായസം തുടങ്ങിയ അഞ്ചു കൂട്ടത്തേ നിവേദിക്കണം. ആനനേഷു ക്രമാത് സദ്യാന്തം ദൌഗ്ധാന്നഹാരിദ്രകേ കൃസരം ഗുളാന്നസകലാന്നേ ച = ഈശാനമുഖത്തുങ്കൽ ദൌഗ്ധാന്നത്തേയും തത്പുരുഷമുഖത്തുങ്കൽ ഹരിദ്രാന്നത്തേയും, അഘോരമുഖത്തുങ്കൽ കൃസരാന്നത്തേയും, വാമദേവമുഖത്തുങ്കൽ ഗുളാന്നത്തേയും സദ്യോജാതമുഖത്തുങ്കൽ സകലാന്നത്തേയും, ഇങ്ങനെ ക്രമേണ വെവ്വേറെ പൂജിച്ചു നിവേദിപ്പൂ. വിഷ്ണുവിങ്കൽ ദ്വാദശാക്ഷരം അഷ്ടാക്ഷരം ശിവങ്കൽ പ്രാസാദമന്ത്രം പഞ്ചബ്രഹ്മം ഷഡക്ഷരം ഇങ്ങനെ സവനമന്ത്രങ്ങൾ. മറ്റെല്ലാവർക്കും മൂലംതന്നെ.

Shripuram Publications

4. ഹവിഃ

www.shripuram.org

കാലദ്വയേ/പ്യുത്സവനാമധേയം
ബലിം ഗുരുർഭൂതബലിം കിരേദ്വാ
കാലപ്രക്ലപ്ത്യോഭയമാചരേദ്വാ
വക്ഷ്യേ ബലിം ഭൌതികമൌത്സവം ച. 14

ഗുരുഃ കാലദ്വയേ അപി ഉത്സവനാമധേയം ബലിം വാ ഭൂതബലിം വാ കിരേത് = നേരത്തും രാത്രിയിലും ഉത്സവബലിയെ എങ്കിലും ശ്രീഭൂതബലിയെ എങ്കിലും ചെയ്വൂ. കാലപ്രക്ലപ്ത്യാ ഉഭയം ആചരേദ് വാ = രണ്ടും കൂടി ചെയ്‌വാൻ സമയം മതിയാകുമെങ്കിൽ രണ്ടും കൂടീട്ടും ചെയ്വൂ. നിത്യവും നേരത്തു ഉത്സവബലിയും വൈകീട്ടു ശ്രീഭൂതബലിയുമായിട്ടു ചെയ്യാം, അഹം ഭൌതികം ഔത്സവം ബലിം ച വക്ഷ്യേ = ഞാൻ മുമ്പിൽ ഭൂതബലിയേയും അനന്തരം ഉത്സവബലിയേയും പറയുന്നേൻ.

ത്രിധാ സ്വമൂലാണുസമർച്ചിതം ഹവി-
ർവിഭജ്യ തദ്ദൈവികമാദ്യമംശകം
സഭൂതകൂരാവിതരാംശകൌ ക്രമാത്
പ്രകല്പയേത് പാരിഷദം ച ഭൌതികം. 15

സ്വമൂലാണുസമർച്ചിതം ഹവിഃ ത്രിധാ വിഭജ്യ = ശ്രീഭൂതബലിക്കുള്ള ഹവിസ്സിനേ ഉണ്ടാക്കി ഒരിടത്തു് ഇലയിൽ നിരത്തി കദളീപക്വനാളികേരാദികളേ ഇട്ട് ഉപസ്തരിച്ചാൽ തളിച്ചു രക്ഷിച്ചു ശോഷണാദി മൂന്നും ചെയ്തു പീഠം പൂജിച്ച് ആവാഹിച്ചു സകളീകരിച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലി ചെയ്തു് ആ ഹവിസ്സിനെ മൂന്നായിട്ടു പകുത്ത് അതിൽ വടക്ക് അംശംതാൻ, ആദ്യം ദൈവികം സഭൂതകൂരൌ ഇതരാംശകൌ പാരിഷദം ഭൌതികം ച കല്പയേത് = ആദ്യമായിട്ടുള്ളതിനേ ദേവേഭ്യോ നമഃ എന്നും, നടുവിലത്തേതും തെക്കേതും രണ്ടംശങ്ങളിൽ മഞ്ഞൾ തൈര് തരിപ്പണം എള്ള്, മലര് ഈ ഭൂതകൂരങ്ങളെ ഇട്ട് പാരിഷദേഭ്യോ നമഃ എന്നും ഭൂതേഭ്യോ നമഃ എന്നും വെവ്വേറേ പൂജിച്ചു തന്മന്ത്രംതൊട്ടു ജപിച്ചു രക്ഷിപ്പൂ.

നിർമാല്യഭുക്പശ്ചിമമുഖ്യദേവതാ-
സ്വിഷ്ടം ഹവിർദൈവികമന്യദന്യതഃ
ആമന്ത്രണം ചാഞ്ചിതവാദ്യഘോഷണൈ-
രത്രാദിതോ ഭൂതഗണസ്യ കാരയേത്. 16

നിർമാല്യഭുക്പശ്ചിമമുഖ്യദേവതാസു ദൈവികം ഹവിഃ ഇഷ്ടം = ദ്വാസ്ഥാദി നിർമ്മാല്യധാരി അവസാനമായുള്ള ദേവതകൾക്ക് ദൈവികമായിട്ടു കല്പിച്ച ഹവിസ്സ് ഇച്ഛിക്കപ്പെട്ടു. അന്യതഃ അന്യത് = തത്പാർ

www.shripuram.org
Shripuram Publications
www.shripuram.org

ഷത്തുകൾക്കു തത്പാർഷദമായുള്ള ഹവിസ്സ് ഭൂതഗണങ്ങൾക്കു ഭൂതഗണങ്ങളുടെ ഹവിസ്സ് ഇങ്ങനെവേണം ബലി തൂകുവാൻ. അത്ര ആദിതഃ അഞ്ചിതവാദ്യഘോഷണൈഃ ഭൂതഗണസ്യ ആമന്ത്രണം കാരയേത് = ഇവിടെ ബല്യാരംഭത്തുങ്കൽ പൂജിതങ്ങളായിരിക്കുന്ന വാദ്യഘോഷങ്ങളേക്കൊണ്ട് ഭൂതഗണങ്ങളുടെ ആഹ്വാനരൂപമായിട്ടു പാണികൊട്ടിക്കയും വേണം.

സംപ്രാർത്ഥ്യ ദേവം ബലികൌതുകേ സ്വേ
സംയോജ്യ സന്ധാര്യ ച മൂർത്തിപേന
തത്സാക്ഷികം ക്ലുപ്തസുദീപ്തദീപ-
വാദ്യാദിഹൃദ്യം ബലിമാതനോതു. 17

സംപ്രാർത്ഥ്യ സ്വേ ബലികൌതുകേ ദേവം സംയോജ്യ = 'സൃഷ്ടിസ്ഥിതിവിനാശാനാം' - എന്നതുകൊണ്ടു ദേവനേ പ്രാർത്ഥിച്ചു ബലിബിംബത്തുങ്കലാവാഹിച്ചു വ്യാപകാംഗവും ചെയ്തു, മൂർത്തിപേന സന്ധാര്യ = പരികർമ്മിയേക്കൊണ്ടു ബലിബിംബത്തേ എടുപ്പിച്ചു, തത്സാക്ഷികം ക്ലുപ്തസുദീപ്തദീപവാദ്യാദിഹൃദ്യം ബലിം ആതനോതു = ആ ബലിബിംബം അടുക്കൽ എഴുന്നള്ളിപ്പിച്ചുംകൊണ്ടു വിളക്കും വാദ്യഘോഷങ്ങളും മുമ്പായിട്ടു ബലിയേ ചെയ്വൂ.

'സൃഷ്ടിസ്ഥിതിവിനാശാനാം കർത്തർഭൂതപതേ! ഹരേ!
ത്വത്പാരിഷദമുഖ്യാനാം ബലിദാനായ ശാധി മാം.'

ഇത് ഇവിടെ പറഞ്ഞ പ്രാർത്ഥനാമന്ത്രം.

പ്രോക്ഷ്യാരാദ്ധ്യ വിഭാവ്യ തത്ര വസുപത്രാബ്ജസ്ഥിതാം ദേവതാം
പാദ്യാദ്യം പ്രസമർപ്യ തത്തദണുനാ സംപൂജ്യ ദത്ത്വാ ബലിം
തത്തത് പാർശ്വപദേ പ്രദായ പരിഷന്മന്ത്രേണ മൂലേന ച
പ്രാപ്യ്യാപോ[5] ബലിമുദ്രയാ പ്രധിനയാദേവം ബലിപ്രക്രിയാ. 18

പ്രോക്ഷ്യ ആരാധ്യ = അവിടെ ബലിതൂകുന്നിടത്തു തളിച്ചു പുഷ്പങ്ങളേ ആരാധിച്ച്, ദേവതാം വസുപത്രാബ്ജസ്ഥിതാം വിഭാവ്യ = ദേവതകളേ പത്മാസനസ്ഥിതങ്ങളായി ധ്യാനിച്ചു, പാദ്യാദ്യം പ്രസമർപ്യ = പാദ്യാർഘ്യാചമനീയങ്ങളേ കൊടുത്തു, തത്തദണുനാ സംപൂജ്യ ബലിം ദത്ത്വാ = അവിടത്തേ ബലിദേവതാ മന്ത്രംകൊണ്ട് ജലഗന്ധപുഷ്പങ്ങളേ അർപ്പിച്ച് ധൂപദീപങ്ങളേ തന്മുദ്രകൊണ്ടു സമർപ്പിച്ചു, തത്തത്പാർശ്വപദേ = ആ ബലിപീഠത്തിന്റെ പാർശ്വഭാഗത്ത്, പരിഷന്മന്ത്രേണ മൂലേ

5. പ്രാർപ്യ്യാപോ

www.shripuram.org
Shripuram Publications
www.shripuram.org

ന ച = തത് പാർഷദേഭ്യോ നമഃ എന്ന മന്ത്രംകൊണ്ടും മൂലംകൊണ്ടും അർച്ചിച്ച ബലിയും ഉകി, ആപഃ പ്രാപ്യ = ഒരിക്കൽ വെള്ളംകൊടുത്ത്, ബലിമുദ്രയാ പ്രധിനയാത് = ബലിമുദ്രകൊണ്ട് പ്രസാദിപ്പിപ്പൂ. ഏവം ബലിപ്രക്രിയാ = ഇങ്ങനെ എല്ലാടവും ബലിയുടെ ക്രമങ്ങൾ.

ശ്രീഭൂതബലിയിങ്കലേ ബലിക്രമത്തേ പറയുന്നു.

ദ്വാഃസ്ഥൗ പാർശ്വദ്വയേ ദ്വാര്യജിതപുരമുരദ്വേഷിണോർമണ്ഡപേ/ഗ്ര്യേ
വാഹം പൃഷ്ഠേ/ഹിരാജം യജതു സഗണപം ദക്ഷിണേ ദക്ഷിണേശം
ശേഷേഷ്വേതാനശേഷാൻ സ്മരജിതി ഗതവാഹാഹിപാൻ ദ്വാഃസ്ഥവത്സു
ദ്വാഃസ്ഥാൻ സർവേഷ്വഥാഗ്ര്യാദികദിഗധിപതീൻ വാഹനാന്താൻ ദശേശേ. 19

അജിതപുരമുരദ്വേഷിണോഃ = വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും, ദ്വാരി പാർശ്വദ്വയേ ദ്വാഃസ്ഥൗ = ഗർഭഗൃഹത്തിന്റെ ദ്വാരത്തിൽ രണ്ടുപുറത്തുങ്കലും ദ്വാഃസ്ഥന്മാരേയും, അഗ്ര്യേ മണ്ഡപേ വാഹം = നേരേ മണ്ഡപത്തിൽ വാഹനത്തേയും, പൃഷ്ഠേ അഹിരാജം = ശ്രീകോവിലിന്റെ പുറകിൽ അനന്തനേയും, ദക്ഷിണേസഗണപം ദക്ഷിണേശം ച = തെക്കേ ദ്വാരത്തുങ്കൽ ഗണപതിയേയും ദക്ഷിണാമൂർത്തിയേയും, യജതു = അർച്ചിച്ച ഉകൂ. ശേഷേഷു അശേഷാൻ ഏതാൻ = ദുർഗാദി നാലു ദേവന്മാരിലും അനന്തൻ കൂടെ ദ്വാഃസ്ഥാദി ദക്ഷിണാമൂർത്തി കഴിവോളവും, സ്മരജിതി ഗതവാഹാഹിപാൻ = ശിവങ്കൽ വാഹനവും അനന്തനും കൂടാതെ ദ്വാഃസ്ഥന്മാരും ഗണപതിദക്ഷിണാമൂർത്തിയും ഉകൂ. ദ്വാഃസ്ഥവത്സുദ്വാഃസ്ഥാൻ = പ്രാസാദദ്വാരത്തുങ്കൽ ദ്വാഃസ്ഥന്മാരുള്ള ദേവന്മാരിൽ ദ്വാഃസ്ഥന്മാരേയും, അഥ സർവേഷു അഗ്ര്യാദികദിഗധിപതീൻ = പിന്നെ എല്ലാ ദേവന്മാരിലും നടയിൽ തുടങ്ങി ഇന്ദ്രാദി എങ്കിലും വരുണാദി എങ്കിലും ദിക്പാലന്മാർ പത്തിനേയും, ഈശേ വാഹനാന്താൻ ദശ = ശിവങ്കൽ ദിക്പാലന്മാർ പത്തും കഴിഞ്ഞാൽ മണ്ഡപത്തുങ്കൽ ഋഷഭായ നമഃ എന്നും ക്രമേണ പൂജിച്ച ഉകൂ.

ലോകേശോപരി മാതൃശാസ്തൃമഹിഷദ്വിട്ഷണ്മുഖാർത്ഥാധിഭൃ-
നിർമ്മാല്യാമൃതഭോജിനശ്ച നിഖിലേഷ്വപ്യർച്ചയേൽ സ്വാസ്പദേ
സോമാനന്തരമേവ വാ/ർഹതു ധനാദ്ധ്യക്ഷം യഥാ[6]/ന്തർബഹിർ-
ദ്വാഃസ്ഥേജ്യോപരി വാഹനാദികസമിജ്യാ വൈവമന്തർബലിഃ. 20

ലോകേശോപരി = ദിക്പാലന്മാരുടെ ബലി ചെയ്താൽ, നിഖിലേഷു മാതൃശാസ്തൃമഹിഷദ്വിട്ഷണ്മുഖാർത്ഥാധിഭൃനിർമ്മാല്യാമൃതഭോജിനഃ ച = എല്ലാ ദേവന്മാരിലും വീരഭദ്രാദിമാതൃക്കളേയും ശാസ്താവിനേയും

6. തഥാ

Shripuram Publications
www.shripuram.org

ദുർഗ്ഗയേയും സുബ്രഹ്മണ്യനേയും വൈശ്രവണനേയും നിർമ്മാല്യധാരി യേയും, സ്വാസ്പദേ അർച്ചയേത് = അവരവരുടെ സ്ഥാനത്തു മുകളിൽ പറയുന്നപോലെ പൂജിച്ചു ബലിയേ ളുക. സോമാനന്തരം ഏവ ധനാദ്ധ്യ ക്ഷം അർഹതു വാ = ദിക്പാലന്മാരിൽ സോമന്റെ കഴിഞ്ഞാൽ ഉടനേ വൈശ്രവണനേ ളുകുകിലുമാം. യഥാ അന്തർബഹിഃ ദ്വാഃസ്ഥേജ്യോപരി വാഹനാദികസമിജ്യാ വാ = അകത്ത് ദ്വാഃസ്ഥനം പുറത്ത് ദ്വാഃസ്ഥനം കഴിഞ്ഞ് വാഹനാദികളേ പൂജിക്കിലുമാം. ഏവം അന്തർബലിഃ = ഇങ്ങ നെ അകത്തേ ബലിദേവതകളുടെ ക്രമം ഭവിക്കും.

പ്രാസാദാന്തർബഹിരപി സഭാന്തർബഹിശ്ചാജിതേശേ
ദ്വാഃസ്ഥാസ്തേഷ്വന്തിമവിരഹിതാ വാ//ദ്യഹീനാ രമേശേ
അന്ത്യസ്ഥാനസ്ഥിതവിരഹിതാഃ ശർവശാസ്ത്രോഃ കുമാര്യാ-
മാദ്യോനാ വാ ഗുഹഗണപയോർവാ തഥാ//ദ്യന്തഹീനാഃ. 21

അജിതേശേ = ശങ്കരനാരായണങ്കൽ, പ്രാസാദാന്തഃ ബഹിഃ അപി = പ്രാസാദത്തിന്റെ അകത്തും പുറത്തും, സഭാന്തഃ ബഹിഃ ച = വലിയ മ്പലത്തിന്റെ അകത്തും പുറത്തും ഇങ്ങനെ എട്ടു ദ്വാഃസ്ഥന്മാര്, രമേശേ തേഷു അന്തിമവിരഹിതാഃ വാ ആദ്യഹീനാഃ വാ = വിഷ്ണുവിങ്കൽ ആ ദ്വാഃസ്ഥാന്മാരിലൊടുക്കത്തേ ദ്വാഃസ്ഥന്മാരു കൂടാതെയും എന്നിയേ അക ത്തേ ഗർഭദ്വാരത്തുങ്കൽ കൂടാതെയുമാം. അപ്പോളാറു ദ്വാഃസ്ഥന്മാര് ശർ വശാസ്ത്രോഃ അന്ത്യസ്ഥാനസ്ഥിതവിരഹിതാഃ = ശിവങ്കലും ശാസ്താവിങ്ക ലും ഒടുക്കത്തേ ദ്വാഃസ്ഥന്മാരു കൂടാതെ ആറുപേരും, കുമാര്യാം ആദ്യോന വാ ദുർഗ്ഗയിങ്കൽ ഗർഭഗൃഹത്തുങ്കലേതു കൂടാതെ ആറായിട്ടുമാം കൂടീട്ടുമാം. ഗുഹഗണപയോഃ തഥാ ആദ്യന്തഹീനാഃ വാ = സുബ്രഹ്മണ്യങ്കലും ഗണ പതിയിങ്കലും ആദീലത്തേതും ഒടുക്കത്തേതും കൂടാതെ നാലായിട്ടുമാം. ശിവങ്കലേപ്പോലെ ആറായിട്ടുമാം.

പ്രാസാദാന്തർനന്ദിചണ്ഡൌ ഹരീശേ
സ്യാതാം തദ്ബാഹ്യേ ജയത്സേനനാമാ
വിഷ്വക്സേനശ്ചാപ്യുമാ ശ്രീഃ സഭാന്തഃ
ശൂലം ചക്രം തദ്ബഹിശ്ച ക്രമേണ. 22

ഹരീശേ = ശങ്കരനാരായണങ്കൽ, പ്രാസാദാന്തഃ നന്ദിചണ്ഡൌ = പ്രാസാദത്തിന്റെ അകത്തേ ഗർഭഗൃഹദ്വാരത്തിങ്കൽ നന്ദിനേ നമഃ, ച ണ്ഡായ നമഃ എന്നും, തദ്ബാഹ്യേ = പുറത്തേ ദ്വാരത്തുങ്കൽ, ജയത്സേന നാമാ വിഷ്വക്സേനഃ ച = ജയത്സേനായ നമഃ വിഷ്വക്സേനായ നമഃ, സഭാന്തഃ ഉമാ ശ്രീഃ = വല്യമ്പലത്തിന്റെ അകത്തേ ദ്വാരത്തുങ്കൽ ഉമാ

Shripuram Publications
www.shripuram.org

യെ നമഃ, ശ്രിയെ നമഃ, തദ്ബഹിഃ ശൂലം ചക്രം ച ക്രമേണ സ്യാതാം = വല്യമ്പലത്തിന്റെ പുറത്തേ ദ്വാരത്തുങ്കൽ ശൂലായ നമഃ ചക്രായ നമഃ എന്നും ക്രമേണ എട്ടു ദ്വാഃസ്ഥന്മാരു ഭവിക്കും.

ചണ്ഡപ്രചണ്ഡാവരിശംഖപാണീ
[7]ശ്രീപുഷ്ടിസംജ്ഞ[8]ാവജിതേഽഗ്ര്യപക്ഷേ
സ്ഥിതാഃ ക്രമാൽ ചക്രദരാദിപാണീ
ശ്രീപുഷ്ടിബാഹ്യേ ഭവതോഽന്യപക്ഷേ. 23.

അജിതേ അഗ്ര്യപക്ഷേ = വിഷ്ണുവിങ്കൽ മുമ്പിൽ പറഞ്ഞ പക്ഷത്തുങ്കൽ, ചണ്ഡപ്രചണ്ഡൌ അരിശംഖപാണി ശ്രീപുഷ്ടിസംജ്ഞൌ ക്രമാത് സ്ഥിതാഃ = ഗർഭഗൃഹദ്വാരത്തുങ്കൽ ചണ്ഡായ നമഃ, പ്രചണ്ഡായ നമഃ എന്നും പുറത്തേ ദ്വാരത്തുങ്കൽ ചക്രപാണയേ നമഃ, ശംഖപാണയേ നമഃ എന്നും വല്യമ്പലത്തിന്റെ അകത്തേ ദ്വാരത്തുങ്കൽ ശ്രിയെ നമഃ, പുഷ്ട്യൈ നമഃ എന്നും ക്രമേണ സ്ഥിതങ്ങൾ. അന്യപക്ഷേ = രണ്ടാമത്തേ പക്ഷത്തുങ്കൽ, ശ്രീപുഷ്ടിബാഹ്യേ ചക്രദരാദിപാണീ ഭവതഃ = വല്യമ്പലത്തിന്റെ അകത്ത് ശ്രീപുഷ്ടികളും പുറത്തു ചക്രപാണിയും ശംഖപാണിയും ഇങ്ങനെ ഭവിക്കും.

പ്രാസാദസ്ഥാഃ പ്രോക്താ നന്ദിമഹാകാളശൂലപാണ്യഭിധാഃ
സഹപരശുപാണയോഽന്തഃ സദസി ശിവേ തീക്ഷ്ണദന്തസമൃഗാസ്യൌ. 24

ശിവേ പ്രാസാദസ്ഥാഃ = ശിവങ്കൽ പ്രാസാദസ്ഥങ്ങളായിട്ട് നന്ദിമഹാകാളശൂലപാണ്യഭിധാഃ സഹപരശുപാണയഃ പ്രോക്താഃ = അകത്ത് നന്ദിനേ നമഃ മഹാകാളായ നമഃ എന്നും പുറത്തു ശൂലപാണയേ നമഃ എന്നും പ്രോക്തങ്ങളായി. സദസി അന്തഃ തീക്ഷ്ണദന്തസമൃഗാസ്യൌ = വല്യമ്പത്തിന്റെ അകത്തു തീക്ഷണദന്തായ നമഃ മൃഗാസ്യായ നമഃ എന്നും ഇങ്ങനെ ആറു ദ്വാഃസ്ഥന്മാരു്

ശാസ്തരി ശസ്താഃ ക്രമശഃ ക്ഷുരികാപാണിശ്ച ഖഡ്ഗഹസ്തശ്ച
അഥ വീരബാഹുസമഹാവീരൌ തീക്ഷ്ണശ്ച തീക്ഷ്ണദന്തശ്ച. 25

ശാസ്തരി ക്രമശഃ ക്ഷുരികാപാണിഃ ഖഡ്ഗഹസ്തഃ വീരബാഹു സമഹാവീരൌ = ശാസ്താവുങ്കൽ അകത്തു ക്ഷുരികാപാണയേ നമഃ ഖഡ്ഗഹസ്തായ നമഃ പുറത്തു വീരബാഹവേ നമഃ എന്നും, തീക്ഷ്ണഃ തീക്ഷ്ണദന്തഃ ച = വല്യമ്പലത്തിൽ അകത്തു തീക്ഷ്ണായ നമഃ തീക്ഷ്ണദന്തായ നമഃ എന്നും, ശസ്താഃ = ക്രമേണ ഉക്തങ്ങളായി ഭവിക്കും.

Shripuram Publications

7. ശ്രീഃ 8. സംജ്ഞാപ്യജിതേ

www.shripuram.org

പ്രാക്ചണ്ഡികാംബികേ സ്തോ ഹ്ളാദിന്യപി മോദിനീ സഭാന്തഃസ്ഥേ
തത്ര ബഹിർവിജയന്തീകാത്യായന്യൌ ച ദുർഗായാം. 26

ദുർഗയിങ്കൽ അകത്ത്, ചണ്ഡികാംബികേ = ചണ്ഡികായൈ നമഃ, അംബികായൈ നമഃ എന്നും അവിടെ പുറത്തു ജയായൈ നമഃ, വിജയായൈ നമഃ ഇതു രണ്ടും മൂലത്തിൽ പറഞ്ഞിട്ടില്ല, സഭാന്തഃസ്ഥേഹ്ളാദിനീ മോദിനീ = വല്യമ്പലത്തിൽ അകത്ത് ഹ്ളാദിന്യൈ നമഃ, മോദിന്യൈ നമഃ എന്നും, തത്ര ബഹിഃ വിജയന്തീകാത്യായന്യൌ ച സ്തഃ = വല്യമ്പലത്തിന്റെ പുറത്ത് വിജയന്ത്യൈ നമഃ, കാത്യായന്യൈ നമഃ എന്നും ഭവിക്കും. പുറത്തു കൂടാതെയും പക്ഷമുണ്ട്.

വഹ്നിഭുവി വജ്രഹസ്തഃ പ്രാസാദേ ശക്തിപാണിശ്ച
സദസി പുനരഗ്നികേതുർദ്വാഃസ്ഥൌ സ്തഃ സൂര്യകേതുശ്ച. 27

വഹ്നിഭുവി പ്രാസാദേ = സുബ്രഹ്മണ്യങ്കൽ, പ്രാസാദദ്വാരത്തുങ്കൽ, വജ്രഹസ്തഃ ശക്തിപാണിഃ ച = വജ്രഹസ്തായ നമഃ, ശക്തിപാണയേ നമഃ ഇവിടെ ഗർഭഗൃഹദ്വാരത്തുങ്കൽ സുകുമാരായ നമഃ, ഭദ്രസേനായ നമഃ ഇങ്ങനെ മൂലത്തിൽ പറയാതെ രണ്ടും കൂടി ചെയ്യുന്നുണ്ട്. പുനഃ സദസി അഗ്നികേതുഃ സൂര്യകേതുഃ ച ദ്വാഃസ്ഥൌ സ്തഃ = പിന്നെ വല്യമ്പലത്തിന്റെ അകത്ത് അഗ്നികേതവേഃ നമഃ എന്നും സൂര്യകേതവേ നമഃ എന്നും ദ്വാഃസ്ഥന്മാരു ഭവിക്കുന്നു.

പ്രാസാദദ്വാരഗതൌ വിഘ്നേശേ തീക്ഷ്ണദന്ത[9]സഗജാസ്യൌ
സ്യാതാം ച ചണ്ഡവിക്രമവിഘ്നകരൌ കീർത്തിതൌ സഭാന്തഃസ്ഥൌ. 28

വിഘ്നേശേ പ്രാസാദദ്വാരഗതൌ തീക്ഷ്ണദന്തസഗജാസ്യൌ = ഗണപതിയിങ്കൽ പ്രാസാദദ്വാരത്തുങ്കൽ തീക്ഷ്ണദന്തായനമഃ, ഗജാസ്യായ നമഃ എന്നും, സഭാന്തഃസ്ഥൌ ചണ്ഡവിക്രമ വിഘ്നകരൌ കീർത്തിതൌ സ്യാതാം = വല്യമ്പലത്തിന്റെ അകത്ത് ദ്വാരത്തുങ്കൽ ചണ്ഡവിക്രമായ നമഃ വിഘ്നകരായ നമഃ എന്നും ഉക്തങ്ങളായി ഭവിക്കും. ഇവിടെ ഗണപതിക്കു മാത്രം നാലു ദ്വാഃസ്ഥന്മാര്.

അനന്തരം വാഹനങ്ങളേ പറയുന്നു.

സ്ഥാണൌ വൃഷോ മുരരിപൌ ഗരുഡോ ദ്വയാത്മാ
ശാർങ്ഗീശ്വരേ/ഥ ഗണരാജി മഹാദിചാഷഃ
ആര്യേ ഹയഃ ശിഖിഭവേ ശിഖികുക്കുടൌ ച
സിംഹോ നിസുംഭജിതി വാഹനകേതനാങ്കാഃ. 29

9. വജ്രദന്തസമുഗാസ്യൌ

www.shripuram.org
Shripuram Publications
www.shripuram.org

സ്ഥാണൌ വൃഷഃ = ശിവങ്കൽ ഋഷഭായ നമഃ എന്നും, മുരരിപൌ ഗരുഡഃ = വിഷ്ണുവിങ്കൽ വൈനതേയായ നമഃ എന്നും, ശാർങ്ഗീശ്വരേ ദ്വയാത്മാ = ശങ്കരനാരായണങ്കൽ കാളയുടെ പുറത്തു പക്ഷി ഇരിക്കു മാറ് വാഹനത്തിന്റെ സ്വരൂപം, വൃഷായ ഗരുഡാത്മനേ നമഃ എന്നും മന്ത്രം, ഗണരാജി മഹാദിചാഷഃ = ഗണപതിയിങ്കൽ മഹാചാഷായ നമഃ, ആര്യേ ഹയഃ = ശാസ്താവിങ്കൽ അശ്വായ നമഃ, ശിഖിഭവേ ശിഖികുക്കുടൌ സുബ്രഹ്മണ്യങ്കൽ മയൂരായ നമഃ എന്നു വാഹനം. കുക്കുടായ നമഃ എന്നു കൊടിമരത്തിന്മേൽ വയ്ക്കുന്ന വാഹനം, നിസുംഭജിതി സിംഹഃ = ദുർഗയിങ്കൽ സിംഹായ നമഃ എന്നും, വാഹനകേതനാങ്കാഃ = ഇങ്ങനെ എല്ലാവരുടേയും വാഹനങ്ങളും കൊടിമരത്തേലേ വാഹനവും ഒന്നായിട്ടു തന്നെ പറഞ്ഞു. സുബ്രഹ്മണ്യനു രണ്ടും വേറേ ഉണ്ടാക്കാം.

ദ്വാഃസ്ഥൌ[10] പ്രാർച്ച്യ ബഹിർന്നിരേത്യ ച സഭായാ യേസമസ്താദിനാ
വിജ്ഞാപ്യ ധ്വജദേവതാശ്ച പരിതസ്തത്തദ്ഗണാംസ്തദ്ബഹിഃ
പീഠേ സ്വാവരണാവൃതം പരിഷദദ്ധ്യക്ഷം തതോഽഷ്ടഗ്രഹാൻ
ദിക്ഷു ക്ഷേത്രപതിം യജേദുദിതിദിശ്യേവം ബഹിഃ സ്യാദ് ബലിഃ. 30

ദ്വാഃസ്ഥൌ പ്രാർച്ച്യ = വല്യമ്പത്തിലേ ദ്വാഃസ്ഥന്മാരേ അർച്ചിച്ചു കൊള്ളുക. സഭായാഃ ബഹിഃ നിരേത്യ = വല്യമ്പലത്തിന്റെ പുറത്തുചെന്ന്, യേ സമസ്താദിനാ വിജ്ഞാപ്യ = 'യേ സമസ്തംജഗൽ' ഇത്യാദികൊണ്ടു പ്രാർത്ഥിച്ചു, പരിതഃ ധ്വജദേവതാഃ = നടയിൽ തുടങ്ങി എട്ടു ദിക്കിലും ധ്വജദേവതകളേയും, തദ്ബഹിഃ തത്തദ്ഗണാൻ = അതിന്റെ പുറത്ത് അവരവരുടെ ഗണദേവതകളേയും ഇങ്ങനെ രണ്ടു പ്രദക്ഷിണത്തേ തൂകി, പീഠേ സ്വാവരണാവൃതം പരിഷദദ്ധ്യക്ഷം = പിന്നെ വല്യബലിക്കല്ലിന്റെ താഴത്ത് എട്ടിനോട്ടുംകൂടി മുകളിൽ അദ്ധ്യക്ഷദേവതയേയും അർച്ചിച്ചു തൂകുക. തതഃ ദിക്ഷു അഷ്ടഗ്രഹാൻ = പിന്നെ എട്ടു ദിക്കിലും ദേവഗ്രഹാദി എട്ടിനേയും ദിഗ്ബലിയും ശീഘ്രബലിയും ചെയ്തു്, ഉദിതിദിശി ക്ഷേത്രപതിം യജേത് = വടക്കു ദിതിപദത്തുങ്കൽ ക്ഷേത്രപാലനേയും പൂജിച്ചു തൂകി നിവേദിപ്പൂ. ഏവം ബഹിഃ ബലിഃ സ്യാത് = ഇങ്ങനെ പുറത്തേ ബലിക്രമം ഭവിക്കും.

നന്ദീ മഹാകാല സഭൃതനാഥ-
മഹീധരാഖ്യൌ സഹപർവതേശൌ
തതോ ഗുഹേശാഭിധകാലപാശ-
കപാലിനശ്ചാഷ്ട ശിവേ ധ്വജേശാഃ. 31

Shripuram Publications
www.shripuram.org

10. ദ്വാഃസ്ഥാൻ

ശിവേ = ശിവങ്കൽ, നന്ദീ മഹാകാലസഭൃതനാഥ മഹീധരാഖ്യൗ = നന്ദിനേ നമഃ, മഹാകാളായ നമഃ, ഭൃതനാഥായ നമഃ, മഹീധരായ നമഃ, സഹപർവതേശൗ = പർവതേശായ നമഃ, തതഃ ഗുഹേശാഭിധകാലപാശകപാലിനഃ ച = ഗുഹേശായ നമഃ, കാലപാശായ നമഃ, കപാലിനേ നമഃ, ഇതി അഷ്ട ധ്വജേശാഃ = ഇങ്ങനെ എട്ടു ധ്വജദേവതകൾ.

സദേവസേനാപതിരഗ്നിലോചനഃ
സദണ്ഡഹസ്തോ/പ്യസിധാരിസംജ്ഞിതഃ[11]
സപാ[12]**ശപാലോ ധ്വജശേഖരാഭിധോ**
ഗദീ പുനഃ ശൂലവിലാസിനാമകഃ. 32

വിപ്രപ്രിയശ്ചേതി നവ ധ്വജേശാ
ഗുഹേ/ന്തിമശ്ശർവദിശീഹ കാര്യാഃ[13]
സ്വമണ്ഡപപ്രോക്തചരാഃ പരേഷു
ഗണേശ്വരേ ദ്വാര[14]**ഘടപ്രദിഷ്ടാഃ.** 33

ഗുഹേ = സുബ്രഹ്മണ്യങ്കൽ സദേവസേനാപതിഃ അഗ്നിലോചനഃ, ദേവസേനാപതയേ നമഃ, അഗ്നിലോചനായ നമഃ, സദണ്ഡഹസ്തഃ അസിധാരിസംജ്ഞിതഃ = ദണ്ഡഹസ്തായ നമഃ അസിധാരിണേ നമഃ, സപാശപാലഃ ധ്വജശേഖരാഭിധഃ = പാശപാലായ നമഃ ധ്വജശേഖരായ നമഃ, പുനഃ ഗദീ ശൂലവിലാസിനാമകഃ = പിന്നെ ഗദിനേ നമഃ, ശൂലവിലാസിനേ നമഃ, വിപ്രപ്രിയഃ ച = വിപ്രപ്രിയായ നമഃ, ഇതി നവ ധ്വജേശാഃ = ഇങ്ങനെ ഒമ്പതു ധ്വജദേവതകൾ. ഇഹ അന്തിമഃ ശർവദിശി കാര്യഃ = ഇവിടെ ഒടുക്കത്തേ മന്ത്രം ഈശകോണിൽ തന്നെ ളുക. പരേഷു സ്വമണ്ഡപപ്രോക്തചരാഃ = വിഷ്ണ്വാദികൾക്ക് തന്റെ മണ്ഡപസംസ്കാരത്തുങ്കൽ പറഞ്ഞിരിക്കുന്നവ തന്നെ ധ്വജദേവതകൾ. വിഷ്ണുവിങ്കൽ കുമുദായ നമഃ, ശങ്കരനാരായണങ്കൽ നന്ദിനേ കുമുദാത്മനേ നമഃ ഇത്യാദി എട്ടും, ദുർഗയിങ്കൽ കാളൈ്യ നമഃ ഇത്യാദി എട്ടും, ശാസ്താവിങ്കൽ ഗോപ്ത്രേ നമഃ ഇത്യാദി എട്ടും, ഗണേശ്വരേ ദ്വാരഘടപ്രദിഷ്ടാഃ = ഗണപതിയിങ്കൽ വജ്രദന്തായ നമഃ ഇത്യാദി എട്ടും ഇങ്ങനെ ധ്വജദേവതകൾ.

വിംശദ്ഭൃതഗണാഃ സ്മൃതാഃ സ്മരരിപൗ ദിശിഷു പഞ്ചാശതോദ്-
ഭിന്നാശ്ചാഷ്ടസു ദിക്ഷു ശാർങ്ഗഭൃതി സപ്തത്യാ തഥേശാച്യുതേ
ഷട്കോട്യോദ്ഭിദുരാ ഗുഹേ മഹിഷഹന്ത്ര്യാമഷ്ടകോട്യാ തഥാ
തത്തത്പാരിഷദാഃ പ്രഭേശഗണപത്യോശ്ച ദ്വിതീയാവൃതൗ. 34

Shripuram Publications
www.shripuram.org

11. സംജ്ഞകഃ 12. സകാലപാശോ 13. കാര്യഃ 14. ദ്വാരഘടേ

ദ്വിതീയാവൃതൌ = രണ്ടാമത്തേ പ്രദക്ഷിണത്തുങ്കൽ, സ്മരരിപൌ ദിശിക്ഷു വിംശദ്ഭൂതഗണാഃ സ്മൃതാഃ = ശിവങ്കൽ കിഴക്കു തുടങ്ങി എട്ടു ദിക്കിലും മുകളിലും താഴേയും ഉദ്ദേശിച്ച് ഈശാന്തകോണിലും നിരൃതി കോണിലും വിംശദ്ഭൂതഗണേഭ്യോ നമഃ എന്നു പത്തു ദിക്കുകളിൽ തൂകു. ശാർങ്ഗഭൃതി അഷ്ടസുദിക്ഷു പഞ്ചാശതാ ഉദ്ഭിന്നാഃ = വിഷ്ണുവിങ്കൽ പഞ്ചാശദ്ഭൂതഗണേഭ്യോ നമഃ എന്നു തന്നെ എട്ടു ദിക്കുകളിലും, ഈശാച്യുതേ സപ്തത്യാ തഥാ = ശങ്കരനാരായണങ്കൽ സപ്തതി ഭൂതഗണേഭ്യോ നമഃ എന്നും, ഗുഹേ ഷട്കോട്യാ ഉദ്ഭിദുരാഃ = സുബ്രഹ്മണ്യങ്കൽ ഷട്കോടിഭൂതഗണേഭ്യോ നമഃ എന്നും, മഹിഷഹന്ത്ര്യാം തഥാ അഷ്ടകോട്യാ = ദുർഗയിങ്കൽ അഷ്ടകോടി ഭൂതഗണേഭ്യോ നമഃ എന്നും, പ്രഭേശഗണപത്യോഃ തത്തത്പാരിഷദാഃ = ശാസ്താവിങ്കൽ ഗോപ്തൃപാർഷദേഭ്യോ നമഃ ഇത്യാദി എട്ടും ഗണപതിയിങ്കൽ വജ്രദന്തപാർഷദേഭ്യോ നമഃ ഇത്യാദി എട്ടും ധ്വജദേവതാപാർഷത്തുക്കളുടെ മന്ത്രംകൊണ്ട് എട്ടു ദിക്കിലും തൂകു. ഇങ്ങനെ രണ്ടാമത്തേ പ്രദക്ഷിണമന്ത്രങ്ങൾ.

ബലിപീഠസ്യ സമന്താദ് ബലിജിതി വലജിന്മുഖാഷ്ടദിക്ക്രമതഃ
കുമുദാദ്യഷ്ടകമിഷ്ട്വാ മദ്ധ്യേപീഠം യജേത ഹരിസേനം. 34

ബലിജിതി ബലിപീഠസ്യ സമന്താത് = വിഷ്ണുവിങ്കൽ വല്യബലിക്കല്ലിന്റെ താഴെ ചുറ്റും, വലജിന്മുഖാഷ്ടദിക്ക്രമതഃ = ഇന്ദ്രാദിയായി എട്ടു ദിക്കുകളിലും, കുമുദാദ്യഷ്ടകം ഇഷ്ട്വാ = കുമുദാദികളായ എട്ടും മന്ത്രങ്ങളേയും പൂജിച്ചു തൂകി, മദ്ധ്യേപീഠം ഹരിസേനം യജേത = പീഠമദ്ധ്യത്തുങ്കൽ മുകളിൽ ഹരിസേനായ നമഃ എന്നു പൂജിച്ചു തൂകു.

പുരഭിദി ഭൂതിദസംജ്ഞം സദുർന്നിരീക്ഷം സഭീമരൂപമഥ
യജതു സുലോചനസുമുഖൌ സമഹാബാഹു ദിശാസ്വധശ്ചോർദ്ധ്വം. 36

ത്രിശിരസ്ത്രിഭുജൌ പിംഗലഹരസേനൌ ചാഹ്വയൈർദ്വിഠാന്തൈഃ സ്വൈഃ
ചതുരോ ഭൂതിദപൂർവാംശ്ചതുരഃ കുമുദാദികാംശ്ച ശാർങ്ഗീശേ. 37

പുരഭിദി = ശിവങ്കൽ, ദിശാസു അധഃ ഊർദ്ധ്വം ച = കിഴക്കു തുടങ്ങി എട്ടു ദിക്കുകളിലും താഴെ ഉദ്ദേശിച്ചു നിരൃതികോണിലും മുകളിലും ക്രമേണ, ഭൂതിദസംജ്ഞം സദുർന്നിരീക്ഷം = ഭൂതിദായ സ്വാഹാ നമഃ ദുർന്നിരീക്ഷായ സ്വാഹാ നമഃ, സഭീമരൂപം = ഭീമരൂപായ സ്വാഹാ നമഃ, സുലോചനസുമുഖൌ = സുലോചനായ സ്വാഹാ നമഃ, സുമുഖായ സ്വാഹാ നമഃ, സമഹാബാഹു = മഹാബാഹവേ സ്വാഹാ നമഃ, ത്രിശിരസ്ത്രിഭജൌ = ത്രിശിരസേ സ്വാഹാ നമഃ ത്രിഭുജായ സ്വാഹ നമഃ ഇങ്ങനെ താഴത്തേത് എട്ടും, പിംഗലഹരസേനൌ ച = നിരൃതികോണിൽ

Shripuram Publications
www.shripuram.org

പിംഗലായ സ്വാഹാ നമഃ ഹരസേനായ സ്വാഹാ നമഃ ഇതു മുകളിൽ, ദ്വിഠാണൈഃ സൈഃ ആഹ്വയൈഃ = സ്വാഹാന്തങ്ങളായിട്ട് ഈ മന്ത്രങ്ങൾ പത്തുകൊണ്ടും തൂക. ശാർങ്ഗീശേ ഭൃതിദപൂർവാൻ ചതുരഃ കുമുദാദികാൻ ചതുരഃ ച = ശങ്കരനാരാണങ്കൽ താഴെ കിഴക്കു തുടങ്ങി ഭൃതിദായ സ്വാഹാ നമഃ ഇത്യാദി ശിവന്റെ മന്ത്രങ്ങൾ നാലും കുമുദായ നമഃ ഇത്യാദി നാലും തൂക.

ദ്വിതയാൻ ദ്വിശോഽഖിലാൻ വാ പരിതോഽധഃ പിംഗലം യജേദുപരി
പരമേഷ്ഠീശപദാദ്യം സേനമഥായാന്തു മന്ത്രതശ്ചാന്തേ. 38

അഥവാ പരിതഃ ദ്വിതയാൻ അഖിലാൻ ദ്വിശഃ = എന്നിയേ ശങ്കരനായാരണങ്കൽ വിഷ്ണുവിന്റേയും ശിവന്റേയും മന്ത്രങ്ങളൊക്കയും ഭൃതിദായ സ്വാഹാ കുമുദാത്മനേ നമഃ ഇങ്ങനെ ഈ രണ്ടു കൂട്ടിയും തൂക. അധഃ പിങ്ഗലം താഴെ കല്പിച്ച പിംഗലായ നമഃ എന്നും, ഉപരി പരമേഷ്ഠീശപദാദ്യം സേനം = മുകളിൽ പരമേഷ്ഠീശസേനായ നമഃ എന്നും തൂക. അഥ അന്തേ ആയാന്തു മന്ത്രതഃ ച യജേത് = പിന്നെ ഒടുക്കം മുകളിൽ 'ആയാന്തു പാർഷദാഃ സർവേ' ഇത്യാദി മന്ത്രംകൊണ്ടു പൂജിച്ച തൂക.

'ആയാന്തു പാർഷദാഃ സർവേ ശാങ്കരാ വൈഷ്ണവാസ്തഥാ
ബലിപീഠേഽത്ര സന്തുഷ്ടാ നിവസന്തു യഥാസുഖം.'

'നമഃ സർവപാർഷദേഭ്യോ നമഃ' ഇങ്ങനെ ആയാന്തുമന്ത്രം.

ബ്രഹ്മസുപൂർവേ ഘോഷ്യൌ സയജ്ഞവേഷ്യൌ സുരംഗിണീ സുമുഖീ
സുഭുജാ പ്രമോദിനീ പുനരാത്മന്യപി കീർത്തിതാഽന്തിമാ ബ്രാഹ്മീ. 39

ഏതാഃ ക്രമേണ പൂജ്യാ ദുർഗായാം ദിക്ഷു പീഠമദ്ധ്യേ ച
ബ്രാഹ്മ്യന്തേഽബ്ജദളസ്ഥാഃ കാള്യാദ്യാശ്ചാത്ര പൂജനീയാ വാ. 40

ദുർഗായാം ദിക്ഷു പീഠമദ്ധ്യേ ച = ദുർഗയിങ്കൽ താഴെ എട്ടു ദിക്കുകളിലും, ബ്രഹ്മസുപൂർവേ ഘോഷ്യൌ = ബ്രഹ്മഘോഷൈ്യ നമഃ സുഘോഷൈ്യ നമഃ, സയജ്ഞവേഷ്യൌ = യജ്ഞവേഷൈ്യ നമഃ, സുരംഗിണീ സുമുഖീ സുഭുജാ പ്രമോദിനീ = സുരംഗിണ്യൈ നമഃ സുമുഖ്യൈ നമഃ സുഭുജായൈ നമഃ പ്രമോദിന്യൈ നമഃ ഇങ്ങനെ താഴെ എട്ടും തൂകി, അന്തിമാ ബ്രാഹ്മീ = പിന്നെ ഒടുക്കം മുകളിൽ ബ്രാഹ്മ്യൈ നമഃ എന്നും, ഏതാഃ ക്രമേണ പൂജ്യാഃ = ഈ മന്ത്രങ്ങൾ ക്രമേണ ഒമ്പതും പൂജിപ്പൂ.

അത്ര ബ്രാഹ്മ്യന്തേ അബ്ജദളസ്ഥാഃ കാള്യാദ്യാഃ ച പൂജനീയാഃ വാ = ഇവിടെ മുകളിൽ ബ്രാഹ്മിക്കു തൂകിയാൽ അഷ്ടദളങ്ങളിൽ കിഴക്കു തുട

www.shripuram.org
Shripuram Publications
www.shripuram.org

ങ്ങി കാളീ കരാളീ ഇത്യാദി ധ്വജദേവതകളേയും കൂടെ പൂജിക്കണമെന്നു വികല്പമായിട്ടു പറകകൊണ്ട് പക്ഷംപോലെ ചെയ്വൂ.

ശൂരോഗ്രശിഖിജഗത്പൂർവാശ്ച മഹാചണ്ഡപൂർവകൌ സേനാഃ
ക്രുദ്ധക്രൂരജയത്സ്കന്ദാദ്യാശ്ച ദശേശവത് സ്കന്ദേ. 41

സ്കന്ദേ ഈശവത് = സുബ്രഹ്മണ്യനിൽ ശിവങ്കലേപ്പോലെ പത്തു ദിക്കുകളിൽ, ശൂരോഗ്രശിഖിജഗത് പൂർവാഃ മഹാചണ്ഡപൂർവകൌ ച സേനാഃ = ശൂരസേനായ നമഃ, ഉഗ്രസേനായ നമഃ, ശിഖിസേനായ നമഃ, ജഗത്സേനായ നമഃ, മഹാസേനായ നമഃ, ചണ്ഡസേനായ നമഃ, ക്രുദ്ധക്രൂരജയത് സ്കന്ദാദ്യാഃ ച = ക്രുദ്ധസേനായ നമഃ, ക്രൂരസേനായ നമഃ, ജയത്സേനായ നമഃ, സ്കന്ദസേനായ നമഃ ഇങ്ങനെ പത്തു ദിക്കുകളിലും പത്തു മന്ത്രങ്ങളേ പൂജിച്ചു തൂകു.

അഥവാ/ത്ര ഭൃതിദാദീൻ സപിംഗലസ്കന്ദസേനപര്യന്താൻ
പ്രയജേദ്യേ ഭൃതാദിഗ്രഹാദികാഭ്യാമപീഹ ബലിരിഷ്ടഃ. 42

അഥവാ അത്ര ഭൃതിദാദീൻ സപിംഗലസ്കന്ദസേനപര്യന്താൻ പ്രയജേത് = എന്നിയേ ഇവിടെ ശിവങ്കലേ ഭൃതിദായ സ്വാഹാ ഇത്യാദി എട്ടിനേയും, പിംഗലായ നമഃ, സ്കന്ദസേനായ നമഃ ഈ രണ്ടു മന്ത്രങ്ങളേക്കൂട്ടി പത്തു മന്ത്രങ്ങളേ തൂകു. ഇഹയേഭൃതാദിഗ്രഹാദികാഭ്യാം അപി ബലിഃ ഇഷ്ടഃ = 'യേ ഭൃതാഃ സ്കന്ദസേനസ്യ' ഇത്യാദികൊണ്ടും 'ഗ്രഹേഭ്യഃ സ്കന്ദപാർഷദേഭ്യഃ' ഇത്യാദികൊണ്ടും പൂജിച്ചു ബലിയേയും തൂകണം.

'യേഭൃതാഃ സ്കന്ദസേനസ്യ പാർഷദാ ബലിഭോജിനഃ
തൃപ്യന്തു തേ മുദം യാന്തു സദ്ഭ്യോ/സദ്ഭ്യോനമോ നമഃ.'

'ഗ്രഹേഭ്യസ്കന്ദപാർഷദേഭ്യശ്ച സർവേഭ്യസ്തേഭ്യസ്താഭ്യോ നമോ നമഃ.'

ഇതു രണ്ടും ഇവിടെ പറഞ്ഞ ബലിമന്ത്രങ്ങൾ.

അഥ ഗജവക്ത്രഗണേശൌ വിനായകശ്ചണ്ഡവിക്രമഃ ക്രമശഃ
വിഘ്നകരസർപ്പമേഖലസശൂർപ്പകർണാഖ്യനാഗദന്ത്യഭിധാഃ. 43

നവമോ/ത്ര രുദ്രവക്ത്രജനാമാ ദശമസ്തു വിഘ്നസേനാഖ്യഃ
വിഘ്നേശ്വരബലിപീഠേ ദിക്ഷ്വധ ഊർദ്ധ്വം ച പൂജനീയാഃ സ്യുഃ. 44

വിഘ്നേശ്വരബലിപീഠേ ദിക്ഷു അധഃ ഊർദ്ധ്വം ക്രമശഃ ച = ഗണപതിയുടെ വലിയ ബലിക്കല്ലിൽ താഴെ കിഴക്കു തുടങ്ങി എട്ടു ദിക്കുകളിലും

Shripuram Publications
www.shripuram.org

താഴെയും മുകളിലും ക്രമേണ, ഗജവക്ത്രഗണേശൌ =ഗജവക്ത്രായ നമഃ ഗണേശായ നമഃ, വിനായകഃ ചണ്ഡവിക്രമഃ = വിനായകായ നമഃ ചണ്ഡ വിക്രമായ നമഃ, വിഘ്നകരസർപ്പമേഖലസശ്ശൂർപ്പകർണാഖ്യനാഗദന്ത്യ ഭിധാഃ = വിഘ്നകരായ നമഃ സർപ്പമേഖലായ നമഃ ശൂർപ്പകർണായ നമഃ നാഗദന്തിനേ നമഃ, അത്ര നവമഃ രുദ്രവക്ത്രജനാമാ, ദശമഃ വിഘ്നസേനാ ഖ്യഃ = ഇവിടെ ഒമ്പതാമതു നിരൃതികോണിങ്കൽ താഴെ രുദ്രവക്ത്രജായ നമഃ, പത്താമതു വിഘ്നസേനായ നമഃ, പൂജനീയാ സ്യുഃ = ഇങ്ങനെ പ ത്തിനേയും പൂജിച്ചു രുക.

ആര്യേ ദ്വാരഘടോക്താ ദിക്ഷ്വർച്ച്യാ വീരബാഹുപൂർവാഃ സ്യുഃ
ഭൂതേശശാസ്തൃസേനാവധ ഊർദ്ധ്വമപീതിപീഠബലിക്ലൃപ്തിഃ. 45

ആര്യേ ദിക്ഷു = ശാസ്താവിങ്കൽ എട്ടു ദിക്കുകളിൽ, ദ്വാരഘടോക്താഃ വീരബാഹുപൂർവാഃ അർച്ച്യാഃ സ്യുഃ = ദ്വാരകലശപൂജയിങ്കൽ പറഞ്ഞിരി ക്കുന്ന വീരബാഹവേ നമഃ ഇത്യാദി എട്ടു മന്ത്രങ്ങളേ പൂജിച്ചു രുകിയാൽ, അധഃ ഊർദ്ധ്വം ഭൂതേശശാസ്തൃ സേനൌ അപി = താഴെ ഭൂതേശായനമഃ എന്നും മുകളിൽ ശാസ്തൃസേനായ നമഃ എന്നും പൂജിച്ചു രുക. ഇതി പീഠബ ലിക്ലൃപ്തിഃ = ഇങ്ങനെ വല്യബലിക്കല്ലിങ്കലേ ബലിക്രമം.

ദേവഗ്രഹാദിബലികർമ്മണി ദിഗ്ബലിം സ്വ-
മൂലാണുനാ ക്ഷിപതു പാരിഷദാത്മനാ/ഥ
ക്ഷിപ്രപ്രദക്ഷിണബലിം പ്രവിധായ ശേഷം
ക്ഷേത്രാധിപായ ച സമർപ്പയതുപഹാരൈഃ. 46

അഥ ദേവഗ്രഹാദിബലികർമ്മണി = പിന്നെ മൂന്നാമത്തെ പ്രദ ക്ഷിണത്തിന് എല്ലാ ദേവന്മാരിലും ദേവഗ്രഹാദി എട്ടും രുകുമ്പോൾ, സ്വമൂലാണുനാ ദിഗ്ബലിം ക്ഷിപതു = തന്റെ തന്റെ മൂലംകൊണ്ട് പുറ ത്തായിട്ടു ദിഗ്ബലിയേയും ചെയ്‌വൂ. പാരിഷദാത്മനാ ഏവം ക്ഷിപ്രപ്ര ദക്ഷിണബലിം ച വിധായ = പിന്നെ നാലാമത്തെ പ്രദക്ഷിണത്തിനു 'വിഷ്ണുപാർഷദേഭ്യഃ സർവ്വേഭ്യോ ഭൂതേഭ്യോ നമഃ സ്വാഹാ' എന്നു പാർ ഷദമന്ത്രംകൊണ്ടു ഒരു പ്രദക്ഷിണം ശീഘ്രബലിയേയും ചെയ്തശേഷം, ക്ഷേത്രാധിപായ ഉപഹാരൈഃ സമർപ്പയതു = ക്ഷേത്രപാലനായിക്കൊ ണ്ടു ബലിയേരുകി പഞ്ചോപഹാരങ്ങളേക്കൊണ്ടു പൂജിച്ചു പാത്രശേഷ ഹവിസ്സിനേ നിവേദിപ്പൂ.

അനന്തരം ഉത്സബലിയുടെ ക്രമത്തേ പറയുന്നു.

ഉപസ്ഥായ സ്തോത്രൈഃ പ്രവികിരതു മന്ത്രൈർനിജനിജൈ-
ര്യഥാന്യായം ദ്വാഃസ്ഥപ്രഭൃതിദിഗധീശാന്തിമബലിം

Shripuram Publications
www.shripuram.org

ദശസ്വാശാസ്വാശാധിപപരിഷദന്തേ/ത്ര മന്ത്രനോം-
നമോ ഭൂതേത്യാദ്യേന ച സകലദേവോത്സവബലൌ. 47

സകലദേവോത്സവബലൌ = എല്ലാ ദേവന്മാരിലേയും ഉത്സവബലിയിങ്കൽ ഹവിസ്സിനേ പൂജിച്ചാൽ അർഘ്യപാദ്യാചമനദ്രവ്യങ്ങളേയും മൂന്നു കലശത്തിലിട്ടു വെള്ളം നിറച്ചു പൂജിച്ചു പാണിയും കൊട്ടിച്ചു ഗർഭഗൃഹത്തുങ്കൽ ചെന്നു ദേവങ്കൽ അനുജ്ഞാപൂജയും ചെയ്തു ബലിബിംബത്തുങ്കൽ ശംഖജലംകൊണ്ട് ആവാഹിച്ചു യോജിപ്പിച്ചു ബിംബത്തേ പരിഗ്രഹിച്ചു പരികർമ്മിയേക്കൊണ്ട് എടുപ്പിച്ചു ബലിയേച്ചെയ്‌വൂ. അവിടെ, സ്തോത്രൈഃ ഉപസ്ഥായ = എല്ലാടവും സ്തോത്രങ്ങളേക്കൊണ്ട് ഉപസ്ഥാനം ചെയ്ത് അർഘ്യപാദ്യാചമനങ്ങളേ ഓരോന്നിനേയും ശംഖിലാക്കി കൊടുത്ത്, നിജനിജൈർമന്ത്രൈഃ ദ്വാഃസ്ഥപ്രഭൃതിദിഗധീശാന്തിമബലിം യഥാന്യായം പ്രവികിരതു = അവിടെ പറഞ്ഞിരിക്കുന്ന ബലിദേവതകളുടെ മന്ത്രംകൊണ്ടും തത്പാർഷദമന്ത്രം ദ്വാഃസ്ഥന്മാരുതുടങ്ങി ദിക്പാലകന്മാരു പത്തു കഴിവോളം ശ്രീഭൂതബലിയിങ്കലേ ക്രമംപോലെ ബലിയേ തൂകുന്നു. അത്ര ദശസു ആശാസു ആശാധിപപരിഷദന്തേ ഓം നമോ ഭൂതേത്യാദ്യേന ച = ഇവിടെ പത്തു ദിക്കുകളിലും ദിക്പാലന്മാരുടെ തത്പാർഷത്തിന്റെ ബലികഴിഞ്ഞാൽ 'ഓം നമോ ഭൂതേഭ്യോ ഭൂതകൃദ്ഭ്യഃ' ഇത്യാദിയായ മന്ത്രംകൊണ്ടു പൂജിച്ചു തൂകി ഒടുക്കം എല്ലാടവും മൂലംകൊണ്ടുതൂകണം.

പൂർവസ്യാമിതി[15] പൂർവകേണ ച നമോ ഭൂതാദിമന്ത്രാന്തതോ
ദിശിക്ഷ്വീശഗണേശവഹ്നിഭുവി യേഭൂതാദിമന്ത്രേണ ച
ഓജാശാസു ബലിം കരോതു ഹരിവർജ്ജം സർവതോ വാ തഥാ
ശർവേ പ്രാഗമൃതാംശുപൂജനവിധൗ[16]വർച്ച്യശ്ച വിത്താധിപഃ. 48

ഈശഗണേശവഹ്നിഭുവി = ശിവങ്കലും ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും, നമോഭൂതാദിമന്ത്രാന്തതഃ ദിശിക്ഷു പൂർവ്വസ്യാം ഇതി പൂർവകേണ ച = ഇന്ദ്രാദി പത്തു ദിക്കുകളിലും ഓം നമോ ഭൂതേഭ്യ ഇത്യാദി തൂകിക്കഴിഞ്ഞാൽ, പൂർവസ്യാം ദിശി, ശിവസ്യ ഭഗവതഃ = ഇത്യാദി തത്തദ്ഗണമന്ത്രങ്ങളേക്കൊണ്ടും പൂജിച്ചു തൂകൂ. ഓജാശാസു യേഭൂതാദിമന്ത്രേണ ച = പിന്നെ ഇന്ദ്രൻ യമൻ (വരുണൻ, സോമൻ) ബ്രഹ്മാവ് ഇങ്ങനെ അഞ്ചു ദിക്കുകളിലും 'യേ ഭൂതാഃ പുരസ്സദാ' ഇത്യാദി മാലാമന്ത്രംകൊണ്ടും പൂജിച്ചു തൂകൂ. ഒടുക്കം മൂലം തൂകൂ. ഹരിവർജ്ജം സർവതഃ തഥാ വാ = വിഷ്ണുവിനേ ഒഴിച്ച് ശങ്കരനാരായണങ്കലും ദുർഗയിങ്കലും ഇങ്ങനെ തന്നെ ബലിയേ ചെയ്യാം. വിഷ്ണുവിങ്കലേപ്പോലെയുമാം. ഇവിടെ ദുർഗയി

Shripuram Publications
www.shripuram.org

15. പൂർവ്വസ്യാംദിശി 16. പൂജനവിധേരർച്ച്യശ്ച

ങ്കൽ വിഷ്ണ്വങ്കലേപ്പോലെയും. മറ്റ് എല്ലാടവും സോമന്റെ ബലിചെയ്തു പിന്നെ വൈശ്രവണന്റെ ബലിയേച്ചെയ്വൂ.

യഥാന്യായം മാതൃപ്രഭൃതിഗുഹനിഷ്ഠാവൃതിമഥോ
യജേദ് ഗായത്ര്യാദ്യൈർമനുഭിരപി സർവേഷു വിധിവത്
ഇമാം പ്രാഗാദ്യാശാപരിഗതകുമാരാദിസഹിതാം
ത്രിധാമന്യേവം വാ സഹരിഹരസുംഭാസുരരിപൌ. 49

സർവേഷു മാതൃപ്രഭൃതിഗുഹനിഷ്ഠാവൃതിം = പിന്നെ എല്ലാ ദേവന്മാരിലും മാതൃക്കൾ തുടങ്ങി സുബ്രഹ്മണ്യൻ കഴിവോളമുള്ള ആവരണത്തേ, ഗായത്ര്യാദ്യൈഃ മനുഭിഃ അപി വിധിവത് യഥാന്യായം യജേത് = തത്തദ്ഗായത്രികളേക്കൊണ്ടും നാമമന്ത്രങ്ങളേക്കൊണ്ടും തതപാർഷദമന്ത്രങ്ങളേക്കൊണ്ടുംകൂടി വിധിച്ചപോലെ ക്രമേണ പൂജിച്ചു ളുക. ത്രിധാമനി പ്രാഗാദ്യാശാപരിഗതകുമാരാദിസഹിതാം ഇമാം = വിഷ്ണ്വങ്കൽ കിഴക്കുതുടങ്ങി സ്കന്ദാദി എട്ടു ദിക്കിലും ആവരണത്തോട്ടുകൂട്ടുംവണ്ണം ഈ മന്ത്രാദി ആവരണത്തേ ളുകണം. സഹരിഹരസുംഭാസുരരിപൌ ഏവം വാ = ശങ്കരനാരായണങ്കലും ഈ സ്കന്ദാവരണം കൂടി ചെയ്കിലുമാം.

പ്രാചി സ്കന്ദം പ്രഭേശം ശിഖിനി പിതൃപതൌ ധർമ്മമാതൃസ്തഥാര്യം
ഭൃംഗേ ഭാനും പിതൃസ്ഥം ദ്രുഹിണമുദകരാജീരണേ സൂകരാര്യേ
സ്കന്ദം മുഖ്യേ/ന്യമാതൃരപി തുഹിനരുചാവംബികാം ത്ര്യംബകം സ്വേ
കോണേ ചാർഹേൽപരീത്യാർച്ചയതു പുനരുദിത്യാം ച നിർമാല്യഭാജം. 50

പ്രാചി സ്കന്ദം = പൂർവദ്വാരത്തുങ്കലും പശ്ചിമദ്വാരത്തുങ്കലും കിഴക്ക സുബ്രഹ്മണ്യനേയും ശിഖിനി പ്രഭേശം = അഗ്നികോണിൽ ശാസ്താവിനേയും, പിതൃപതൌ ധർമ്മമാതൃഃ = തെക്ക ധർമ്മായ നമഃ എന്നു (ധർമ്മരാജാവിനേയും) മാതൃക്കളേയും, ഭൃംഗേ ആര്യം = യമനിരൃതിമദ്ധ്യത്തുങ്കൽ ഭൃംഗപദത്തുങ്കൽ ശാസ്താവിനേയും, പിതൃസ്ഥം ഭാനും = നിരൃതി കോണിൽ ആദിത്യനേയും, ഉദകരാജിദ്രുഹിണം = പടിഞ്ഞാറ് ബ്രഹ്മാവിനേയും, ഈരണേ സൂകരാര്യേ = വായുകോണിൽ വരാഹത്തേയും ദുർഗയേയും (മുഖ്യേ) വായുസോമമദ്ധ്യത്തുങ്കൽ സുബ്രഹ്മണ്യനേയും, തുഹിനരുചൌ അന്യമാതൃഃ അംബികാം = അവിടെക്ക സോമന്റെ പടിഞ്ഞാറ് ഉത്തരമാതൃക്കളേയും സോമങ്കൽ അംബികായൈ നമഃ എന്നും, സ്വേ കോണേ ത്ര്യംബകം ച അർഹേത് = ഈശകോണിൽ ശിവനേയും പൂജിച്ചു ളുക. ഇങ്ങനെ സ്കന്ദാവരണം ളുകിയാൽ പുനഃ പരീത്യ ഉദിത്യാം നിർമ്മാല്യഭാജം അർച്ചയതു = ഒരു പ്രദക്ഷിണമായി വന്ന് ഉദിതിപദത്തുങ്കൽ നിർമ്മാല്യധാരിയേയും പൂജിച്ചു ളുകി ജലാപ്ലുതബലിയും

www.shripuram.org
Shripuram Publications
www.shripuram.org

ചെയ്‌വൂ.

അനന്തരം ഉപസ്ഥാനമന്ത്രങ്ങളെ പറയുന്നു.

വിഷ്ണുവിങ്കൽ-

'നമസ്തേ ദ്വാരപാലായ ചണ്ഡായാമിതതേജസേ
നരസിംഹതനൂജായ ചക്രേണാങ്കിതമൌലയേ.
നമസ്തേ ദ്വാരപാലായ പ്രചണ്ഡായാമിതൌജസേ
നരസിംഹതനൂജായ ശംഖേനാങ്കിതമൌലയേ.'

ഇതു രണ്ടും ദ്വാഃസ്ഥന്മാർക്ക്-

'വാഹനായ മഹാവിഷ്ണോസ്താർക്ഷ്യായാമിതതേജസേ
ഗരുഡായ നമസ്തേ/സ്തു ദുഷ്ടസർപ്പേന്ദ്രമൃത്യവേ.'

ഇതു ഗരുഡന്ന്-

'ശയ്യാ യോ ജഗതാം ധാതുർവ്വിഷ്ണോർവിവിധമായിനഃ
അനന്തായ നമസ്തുഭ്യമഹീന്ദ്രനമിതാംഘ്രയേ.'

ഇത് അനന്തന്-

'നമസ്തേ സർവ്വഭൂതേശ! സർവ്വസമ്പത് പ്രദായിനേ
സർവവിഘ്നവിനാശായ വിഘ്നേശായ ശിവാത്മനേ!'
'നമസ്തേ/സ്തു മഹായോഗിൻ വ്യാഖ്യാമുദ്രാലസത്കര!
ദക്ഷിണാമൂർത്തിരൂപായ രുദ്രായ പരമാത്മനേ.'

ഇതു രണ്ടും ഗണപതിദക്ഷിണാമൂർത്തികൾക്ക്-

'നമസ്തേ ദ്വാരപാലായ ചക്രവ്യഗ്രമഹാഭുജ!
ദൃഷ്ട്യാ നിഹതദൈത്യായ വൈഷ്ണവായ നമോ നമഃ.
നമസ്തേ ദ്വാരപാലായ ശംഖവ്യഗ്രഹമഹാഭുജ!
ദൃഷ്ട്യാ നിഹതദൈത്യായ വൈഷ്ണവായ നമോ നമഃ.

ഇതു രണ്ടും ദ്വാഃസ്ഥന്മാർക്കും-

'ദൈത്യദർപ്പവിനാശായ സഹസ്രാക്ഷായ ധീമതേ
കുലിശവ്യഗ്രഹസ്തായ നമസ്തേ/സ്തു ശതക്രതോ!'

ഇത് ഇന്ദ്രന്-

'മുഖം യഃ സർവദേവാനാം യേന ഹവ്യം ച നീയതേ

www.shripuram.org
Shripuram Publications
www.shripuram.org

യേന പ്രവർത്തതേ സർവം നമസ്തസ്മൈ ഹവിർഭുജേ.'

ഇത് അഗ്നിക്ക്-

'യേന സംഹ്രീയതേ സർവം യേന ധർമ്മശ്ച രക്ഷ്യതേ യസ്മാദ് ബിഭേതി ലോകോഽയം പ്രേതനാഥ! നമോഽസ്തു തേ.'

ഇതു യമന്-

'രാക്ഷസാ യാതുധാനാശ്ച പിശാചാശ്ചാശ്രയന്തി യം തസ്മൈ നിരൃതിരൂപായ രക്ഷസാം പതയേ നമഃ.'

ഇതു നിരൃതിക്ക്-

'യേന സംരക്ഷ്യതേ സർവം യസ്മിൻ സർവം പ്രതിഷ്ഠിതം അമോഘപാശഹസ്തായ തസ്മൈഽപാം പതയേ നമഃ.'

ഇത് വരുണന്-

'പൂര്യന്തേ ച ഹ്രീയന്തേ ച യേന പ്രാണാദയഃ ക്രമാത് ഭൂതാനാം പതയേ നിത്യം നമസ്തസ്മൈ മരുത്പതേ!'

ഇത് വായുവിന്-

'യം പ്രാശ്യാമരതാം യാന്തി ദേവാ യജ്ഞശരീരിണഃ സോമായ ഗദിനേ തസ്മൈ ജ്യോതിഷാം പതയേ നമഃ.'

ഇത് സോമന്-

'യത് പ്രസാദാജ്ജഗത്സർവം ധനേന പരിപൂര്യതേ യക്ഷഗുഹ്യകനാഥായ ധനനാഥ! നമോഽസ്തു തേ.'

ഇതു വൈശ്രവണന്-

'യേന കാലാ[17]ഹിനാ ലോകോ യുഗാന്തേഷ്വവദഹ്യതേ തസ്മൈ തേ ബ്രഹ്മണഃ പുത്ര! വിരൂപാക്ഷ! നമോഽസ്തു തേ.

ഇത് ഈശാനന്-

'യേന സൃഷ്ടം ജഗത്സർവം സർഗാദൌ വിഷ്ണുശാസനാത് പിതാമഹ! നമസ്തുഭ്യം സർവലോകേശ! പത്മജ!'

17. കാലാഗ്നിനാ

www.shripuram.org
Shripuram Publications
www.shripuram.org

ഇത് ബ്രഹ്മാവിന്-

'പന്നഗാധിപതിർദ്ദേവ! അനന്തോ നാമ നാമതഃ
പാതാളവാസിനേ നിത്യം നാഗരാജ! നമോ/സ്തുതേ.'

ഇത് അനന്തന്-

'വീരഭദ്ര നമസ്തേ/സ്തു നമോ വിഘ്നേശ്വരായ ച
ബ്രാഹ്മ്യാദിഭ്യശ്ച മാതൃഭ്യഃ സർവാഭ്യോ വൈ നമോ നമഃ.'

ഇത് മാതൃക്കൾക്ക്-

ശ്രീധരായ നമസ്തേ/സ്തു നമസ്തേ/ശ്വമുഖായ ച.
വാഗീശ്വര്യാദിമാതൃഭ്യഃ സർവാഭ്യോ വൈ നമോ നമഃ

ഇത് ഉത്തരമാതൃക്കളുടേത്-

വിഷ്വക്സേന! നമസ്തേ/സ്തു ദേവനിർമ്മാല്യധാരിണേ
ശംഖചക്രഗദാപാണേ! മഹാപാരിഷദേശ്വര'

ഇതു വിഷക്സേനന്റെ-

ഏതേ ഹരാവുപ[18]സ്ഥാനേ മന്ത്രാസ്തത്ര ശിവാദിഷു
സാധാരണാസ്ത ഏവ സ്യുർവിശേഷോക്താൻ പൃഥഗ്ബ്രുവേ. 51

ഹരൌ = വിഷ്ണുവിങ്കൽ, ഏതേ ഉപസ്ഥാനേ മന്ത്രാഃ = ദ്വാഃസ്ഥാദി നിർമ്മാല്യധാര്യന്തം ഉപസ്ഥാനത്തുങ്കലേ മന്ത്രങ്ങൾ. തത്ര ശിവാദിഷു തേ സാധാരണാഃ ഏവ സ്യുഃ = അവിടെ ശിവാദികൾ(ക്ക്) മിക്കവാറും ദിക്പാലാദിമന്ത്രങ്ങൾ തുല്യങ്ങളായി ഭവിക്കും. വിശേഷോക്താൻ പൃഥ ഗ് ബ്രുവേ = ദ്വാഃസ്ഥാദികളുടെ മന്ത്രങ്ങൾ വേറേ ഉള്ളതിനേ പറയുന്നു.
ശിവങ്കൽ

'നമസ്തേ ദ്വാരി യുക്തായ ശൂലഹസ്തായ ധീമതേ
ദൃഷ്ട്യാ നിഹതദൈത്യായ നന്ദീശായ നമോ നമഃ'

'നമസ്തേ ദ്വാരി യുക്തായ പരശുവ്യഗ്രപാണയേ
ദൃഷ്ട്യാ നിഹതദൈത്യായ മഹാകാളായ തേ നമഃ'

ഇതു രണ്ടും അകത്തേ ദ്വാഃസ്ഥന്മാർക്ക്. ഗണപതിദക്ഷിണാമൂർത്തികൾക്കു വിഷ്ണുവിങ്കലേപ്പോലെ

Shripuram Publications

18. ഹരാവുപസ്ഥാന

www.shripuram.org

'നമസ്തേ ദ്വാരി യുക്തായ ശൂലഹസ്തായ ധീമതേ
ദൃഷ്ട്യാ നിഹതദൈത്യായ ശാങ്കരായ നമോ നമഃ'

'നമസ്തേ ദ്വാരിയുക്തായ പരശുവ്യഗ്രപാണയേ
ദൃഷ്ട്യാ നിഹതദൈത്യായ ശാങ്കരായ നമോ നമഃ.'

ഇതു രണ്ടും പുറത്തേ ദ്വാഃസ്ഥന്മാർക്ക്
പിന്നെ ഇന്ദ്രാദിനിരൃത്യന്തം നാലും വിഷ്ണുവിങ്കലേതു തന്നെ.

'യേന പ്രസൂയതേ സർവം യസ്മിൻ സർവം പ്രലീയതേ
അമോഘപാശഹസ്തായ തസ്മൈ/പാം പതയേ നമഃ.'

ഇത് വരുണന്. പിന്നെ വായു തുടങ്ങി അനന്തൻ കഴിവോളമാറിന്നും വിഷ്ണുവിങ്കൽ പറഞ്ഞതു തന്നെ.

'വാഹനായ മഹാശംഭോഃ ശൈലാർണവഘനസ്വന!
ഋഷഭായ നമസ്തുഭ്യം സർവദുഷ്ടപ്രശാന്തയേ.'

ഇതു വാഹനത്തിന്
'ചണ്ഡേശ്വരനമസ്തുതിമന്ത്രം പറഞ്ഞിട്ടാല്ലായ്കകൊണ്ട് 'വിവരണ'ത്തിൽ പറയുന്ന ധ്യാനത്തേ എഴുതുന്നു.

'ശൂലം പരശുഖട്വാംഗം ഗർജ്ജനീം ദധതം കരൈഃ
ത്രിനേത്രം ധൂമ്രവർണ്ണം ച ധ്യായേ ചണ്ഡേശ്വരം വിഭും.'

ഇങ്ങനെ ശിവങ്കലേ ഉപസ്ഥാനങ്ങൾ.
ശങ്കരനാരായണങ്കൽ ദ്വാഃസ്ഥന്മാർക്ക് ശിവങ്കലേത് ഒന്നും വിഷ്ണുവിങ്കലേത് ഒന്നും ഇങ്ങനെ കണ്ടുകൊള്ളൂ. ഗണപതിദക്ഷിണാമൂർത്തികൾക്കും ഇന്ദ്രാദികൾക്കും വിഷ്ണുവിങ്കലേപ്പോലെ. നിർമ്മാല്യധാരിക്കും വാഹനത്തിന്നും അവരവരുടെ മൂലംതന്നെ.
ദുർഗ്ഗയിങ്കൽ-

'നമസ്തേ ദ്വാരിയുക്തായൈ ചണ്ഡ്യൈഖേടാസിധാരിണി!
വേതാളാശ്ചൈവ മാതംഗാ ഹീനാഹീനാശ്ച യേ ഗണാഃ
സർവേഷാം ചൈവ തേഷാം ച ഹരാമി ബലിമുത്തമം.
സർവേഭ്യ ഏവ തേഭ്യശ്ച സഗണേഭ്യോ നമോ നമഃ.'

ദേവഗ്രഹാദിബലിയും ദിഗ്ബലിയും ശീഘ്രബലിയും തൂകി ക്ഷേത്രപാലങ്കൽ തൂവി നേദിപ്പൂ.

പ്രോക്തക്രമേണ സകലം ബലിപീഠവർജ്ജം
ക്ഷേത്രാധിപാലബലികർമ്മയുതം വിധായ
സ്വാവാരവീതമഭിപൂജ്യ ച പീഠമദ്ധ്യേ
പീഠാധിപം വിധിവദത്ര സമാപയേദ്വാ. 87

പ്രോക്തക്രമേണ ബലിപീഠവർജ്ജം ക്ഷേത്രാധിപാലബലി കർമ്മയുതം വിധായ = ഈ പറഞ്ഞ ക്രമംപോലെ ബലിയേ തൂകുന്നേടത്തു വല്യബലിക്കല്ലിങ്കലേ ബലി ചെയ്യാതെ പിറത്തെ ബലികൾ ഒക്കെയും ക്ഷേത്രപാലബലിയും ചെയ്ത്, പീഠമദ്ധ്യേ സ്വാവാരവീതം പീഠാധിപം വിധിവദ് അഭിപൂജ്യ അത്ര സമാപയേദ് വാ = വല്യബലിക്കല്ലിങ്കൽ താഴത്തേ ബലികളും മുകളിലേ ബലികളും വിധിക്ക തക്കവണ്ണം ചെയ്തു അവിടെ ബലി സമാപിക്കിലുമാം.

ബലിം വിധായേതി പരീത്യ സന്നതഃ
സ്വാചമ്യ ഗർഭാലയമഭ്യുപേത്യ
ആയോജ്യ ദേവം ബലിബിംബസംസ്ഥിതം
സ്വമൂലബിംബേ തമഥ ക്ഷമാപയേത്. 88

ബലിം വിധായ = ഈ പറഞ്ഞപ്രകാരം ഉത്സവബലിയേ തൂകിക്കഴിഞ്ഞാൽ, പരീത്യ സന്നതഃ = ദേവനേ പ്രദക്ഷിണംവച്ചു മണ്ഡപത്തിൽ നമസ്കരിച്ചു, സ്വാചമ്യ ഗഭാലയം അഭ്യുപേത്യ = കാലുംകഴുകി ആചമിച്ചു ഗർഭഗൃഹത്തുങ്കൽപോയി, ബലിബിംബ സംസ്ഥിതം ദേവം സ്വമൂലബിംബേ ആയോജ്യ = ബലിബിംബത്തുങ്കൽ ആവാഹിച്ച് ഇരിക്കുന്ന ദേവനേ ശംഖജലംകൊണ്ടു ആവാഹിച്ചു മൂലബിംബത്തുങ്കൽ യോജിപ്പിച്ച് തത്ത്വന്യാസാദിചെയ്തു തിരുമധുരത്തേ നിവേദിച്ച്, അഥ തം ക്ഷമാപ

www.shripuram.org
Shripuram Publications
www.shripuram.org

യേത് = ദേവനോട്ട ക്ഷമസ്വ എന്ന പ്രാർത്ഥിപ്പൂ.

ഇത്യുത്സവം ത്രിഷവ[35]ണാർച്ചിതദേവദേവ-
ഭൂദേവദേവപരിഷത്പ്രകരാഭിരാമം
ആതോദ്യവാദ്യബഹ്ളലോജ്ജ്വലദീപദീപ്രം
കുർവിത സർവദിവസേഷു സുഭാവിതാത്മാ. 89

സുഭാവിതാത്മാ ഗുരുഃ = ഏറ്റവും താൽപര്യത്തോടുകൂടിയിരിക്കുന്ന ആചാര്യൻ, സർവ്വദിവസേഷു = കൊടിയേറ്റു തുടങ്ങി ആറാട്ടു കഴിവോളമുള്ള ദിവസങ്ങളിൽ നിത്യവും, ഇതി ത്രിഷവണാർച്ചിത ദേവദേവഭൂദേവദേവപരിഷത്പ്രകരാഭിരാമം = ത്രികാലത്തുങ്കലും വിധിച്ചിരിക്കുന്ന സവനപൂജാദികളേക്കൊണ്ടു ദേവനേയും അപ്രകാരം മൃഷ്ടാന്നഭോജനാദികളേക്കൊണ്ടു ബ്രാഹ്മണരേയും ശ്രീഭൂതബല്യാദികളേക്കൊണ്ടും ദേവന്റെ പരിവാരദേവഗണങ്ങളേയും പൂജിച്ച് ഏറ്റവും മനോഹരമായിട്ടും, ആതോദ്യവാദ്യബഹ്ളലോജ്ജ്വലദീപദീപ്രം = വീണാവാദനസംഗീതാദികളേക്കൊണ്ടും വല്യഘോഷങ്ങളേക്കൊണ്ടും ബഹ്ളദീപങ്ങളേക്കൊണ്ടും അലങ്കാരമായിട്ടും, ഉത്സവം കുർവീത = ഉത്സവത്തേ ഘോഷിക്കണം.

തീർത്ഥസ്നാനദിനാധരേദ്യുരഭിസായം സോഽയമാചാര്യകോ
ഗ്രാമേ ചൈത്യചതുഷ്പഥാദിഷു ബലിം കു[36]ര്യാത് പരീത്യാഖിലേ
ഗ്രാമാന്തേ മൃഗയാപ്രചാരവിഹൃതിം കൃത്വാ സുയോധൈഃ സമം
പ്രത്യാപത്യ തതഃ സ്വകൗതുകഗതം മൂലേ സമായോജയേത്. 90

തീർത്ഥസ്നാനദിനാധരേദ്യുഃ അഭിസായം = ആറാട്ടു ദിവസത്തുങ്കൽ നിന്ന തലേനാൾ രാത്രിയിൽ, സഃ അയം ആചാര്യകഃ = ശ്രീഭൂതബലി കഴിച്ച് ആചാര്യൻ, ഗ്രാമേ അഖിലേ ചൈത്യചതുഷ്പാദിഷു ബലിം കുർവ്വൻ പരീത്യ = ആ ഗ്രാമത്തിൽ എല്ലാടവും അരയാൽത്തറ നാലുവഴിക്ക കൂടുന്നേടം അന്യദേവതാസ്ഥാനം ഇത്യാദി സ്ഥലങ്ങളിൽ ബലിയേ ചെയ്തുംകൊണ്ട് പ്രദക്ഷിണമായി ദേവനേയുമെഴുന്നള്ളിക്കുമ്പോൾ, ഗ്രാമാന്തേ സുയോധൈഃ സമം മൃഗയാപ്രചാരവിഹൃതിം കൃത്വാ = ഗ്രാമാവസാനത്തുങ്കൽ വച്ചു ആയുധപാണികളേക്കൊണ്ട് ശരത്തേ പ്രയോഗിച്ച് നായാട്ടു വിളികളേയും ചെയ്യിച്ചാൽ, തതഃ പ്രത്യാപത്യ = പിന്നെ തിരിച്ചു ക്ഷേത്രത്തിൽവന്ന്, സ്വകൗതുകഗതം ദേവം മൂലേ സമായോജയേത് = ബലിബിംബഗതമായ ദേവനേ മൂലബിംബത്തുങ്കൾ യോജിപ്പിപ്പൂ.

മന്ത്രൌ ശാർങ്ഗിണി വിഷ്ണുപാരിഷദമാത്രുർണാദികൌ തൗ ശിവേ

Shripuram Publications

35. ത്രിഷണാർച്ചിത 36. കുർവ്വൻ

www.shripuram.org

സ്യാതാം ഗ്രാമബലൌ തു രുദ്രപദഭിന്നൌ വാ നമോഭൂതകഃ
ഗൃഹ്ണന്ത്വീശഹരൌ നിസുംഭജിതി ഹൃദ്ഭൂതാദിഗൃഹ്ണന്ത്വണ്ഠ
ഗൃഹ്ണന്ത്വാദ്യണവോ ഗുഹേ പ്രമഥനാഥേ പിംഗലാദ്യസ്തഥാ. 91

ശാർങ്ഗിണി ഗ്രാമബലൌ തു വിഷ്ണുപാരിഷദമാതൃർണാദികൌ = വിഷ്ണുവിങ്കൽ ഗ്രാമബലിയിങ്കലാകട്ടേ വിഷ്ണുപാർഷദേഭ്യഃ എന്നും മാതൃഭ്യസ്തദ്ഗണേഭ്യഃ എന്നും രണ്ടു മന്ത്രങ്ങൾ ശിവേ തൌ രുദ്രപദഭിന്നൌ സ്യാതാം, ശിവങ്കൽ ഈ മന്ത്രങ്ങൾ രുദ്രപാർഷദേഭ്യഃ ഇത്യാദിയായിട്ടു ഭവിക്കും. നമോഭൂതകഃ വാ = ഓം നമോ ഭൂതേഭ്യഃ ഇത്യാദിയുമാം. ഈശഹരൌ ഗൃഹ്ണന്തു = ശങ്കരനാരായണങ്കൽ 'ഗൃഹ്ണന്തു ബലിമേതത്തു' ഇത്യാദികൊണ്ടും, നിസുംഭജിതി ഹൃദ്ഭൂതാദി ഗൃഹ്ണന്ത്വണ്ഠ = ദുർഗ്ഗയിങ്കൽ ഓന്നമോ ഭൂതേഭ്യഃ ഇത്യാദിയും ഗൃഹ്ണന്തു ബലിം ഇത്യാദിയും രണ്ടു മന്ത്രങ്ങൾകൊണ്ടും, ഗുഹേ ഗൃഹ്ണന്ത്വാദ്യണവഃ = സുബ്രഹ്മണ്യങ്കൽ ഗൃഹ്ണന്തു ബലിമിത്യാദിയും ഗ്രാമപർവതവനചാരിഭ്യഃ ഇത്യാദിയും നമോസ്തു സിദ്ധചാരിഭ്യ ഇത്യാദിയും ശൂന്യഗ്രാമനിവാസിഭ്യഃ ഇത്യാദിയും ഇങ്ങനെ നാലു മന്ത്രങ്ങൾകൊണ്ടും, പ്രമഥനാഥേ പിംഗലാദ്യഃ = ശാസ്താവിങ്കൽ ഓം ഘ്ലൂം നമഃ സർവേഭ്യഃ പിംഗലേഭ്യഃ ഇത്യാദികൊണ്ടും ഗ്രാമബലിയേച്ചെയ്വൂ.

മന്ത്രങ്ങളേ പറയുന്നു-

'വിഷ്ണുപാരിഷദേഭ്യശ്ച പ്രമഥേഭ്യോ നമോ നമഃ.
മാതൃഭ്യസ്തദ്ഗണേഭ്യശ്ച സർവേഭ്യോ വൈ നമോ നമഃ.'

ഇതു രണ്ടും വിഷ്ണുവിങ്കലേ മന്ത്രങ്ങൾ. ശിവങ്കൽ ഇതുതന്നെ രുദ്രപാരിഷദേഭ്യഃ ഇത്യാദി.

'ഗൃഹ്ണന്തു ബലിമേതത്തു' എന്നും ആം. 'ഗ്രാമപർവതവനചാരിഭ്യോ നമോ നമഃ.'

'നമോഽസ്തു സിദ്ധചാരിഭ്യശ്ചതുഷ്പഥഗതായ ച
ശൂന്യാഗാരനിവാസിഭ്യഃ സർവേഭ്യോ വൈ നമോ നമഃ.
ശൂന്യഗ്രാമനിവാസിഭ്യോ വൃക്ഷഗുല്മഗതായ ച
ദേവാഗാരനിവാസിഭ്യോ സർവേഭ്യോ[37] വൈ നമോ നമഃ'

ഇതു നാലും സുബ്രഹ്മണ്യങ്കലേ മന്ത്രങ്ങൾ.

ബലിം ദത്ത്വാ യഥാന്യായം ശേഷം ശുദ്ധേ തു ഭൂതലേ

Shripuram Publications

37. ഭൂതേഭ്യശ്ച

www.shripuram.org

നമഃ പാരിഷദേഭ്യശ്ചേത്യുക്ത്വാ ത്[38]ന്നിക്ഷിപേദ്ഗൃഹേ. 92

ഗൃഹേ യഥാന്യായം ബലിം ദത്ത്വാ = സുബ്രഹ്മണ്യങ്കൽ ഈ നാലു മന്ത്രങ്ങളേക്കൊണ്ടും ബലിയേ തൂകി, ശേഷം തത് ശുദ്ധഭൂതലേ = ശേഷമുള്ള ഹവിസ്സിനെ ശുദ്ധമായിരിക്കുന്ന ഭൂതലത്തിൽ, നമഃ പാരിഷദേഭ്യഃ ഇതി ഉക്ത്വാ നിക്ഷിപേത് = 'സർവപാരിഷദേഭ്യോ നമഃ' ഈ മന്ത്രം ചൊല്ലി ഇട്ടേപ്പൂ.

'ഓം ഘ്ലൂം നമഃ സർവേഭ്യഃ പിംഗലേഭ്യോ ബഹുരൂപേഭ്യോ മഹാഗണേഭ്യോ ഘോരരൂപേഭ്യോ മൃഗയുഭ്യോ വിനായകേഭ്യോ ബധിരേഭ്യോ /ന്ധേഭ്യോ ജളേഭ്യഃ സ്ഥൂലേഭ്യഃ കൃശേഭ്യോ ദീർഘേഭ്യോ ഹ്രസ്വേഭ്യോ മുണ്ഡേഭ്യഃ സ്ത്രീഭ്യോ നപുംസകേഭ്യോ ബഹുരൂപേഭ്യഃ സദ്ഭ്യോ/സദ്ഭ്യഃ സദസദ്ഭ്യഃ സർവഗണേഭ്യോ നമോ നമഃ സ്വാഹാ.' ഇതു ശാസ്താവിങ്കലേ മന്ത്രം.

അനന്തരം പള്ളിക്കുറുപ്പിന്റെ ക്രിയകളേ പറയുന്നു.

അഥാപ്ലുതോ മംഗലപാലികാദിഭിഃ സ്വലംകൃതേ തത്ര നിഷദ്യമണ്ഡപേ സമർച്ചിതാത്മാ ശയനേ പ്രസാധിതേ യഥാപുരം പീഠമപി പ്രപൂജയേത്. 93

അഥ ആപ്ളുതഃ = ഗ്രാമബലി കഴിഞ്ഞാൽ ആചാര്യൻ കുളിച്ചുവന്ന്, മംഗലപാലികാദിഭിഃ സ്വലംകൃതേ തത്ര മണ്ഡപേ നിഷദ്യ = മുളപ്പാലികകളേക്കൊണ്ടും വിതാനാദികളേക്കൊണ്ടും അലങ്കരിച്ചിരിക്കുന്ന അഗ്രമണ്ഡപത്തിങ്കലിരുന്ന്, സമർച്ചിതാത്മാ = ദേഹശുദ്ധിശംഖപൂരണാത്മാരധനകളേ ചെയ്ത്, പ്രസാധിതേ ശയനേ = വീഥീ സ്വസ്തികത്തു ശയ്യയേ വിരിച്ച്, യഥാപുരം പീഠം അപി പ്രപൂജയേത് = ധ്യാനാധിവാസത്തുങ്കൽ പറഞ്ഞപോലെ പീഠംപൂജിച്ച് തത്തച്ഛക്തിബീജംകൊണ്ട് ആവാഹിച്ചു പൂജിപ്പൂ. ശയ്യയുടെ വടക്കു ഭദ്രപീഠംവച്ചു പീഠത്തേയും പൂജിപ്പൂ.

ഗർഭാലയം പ്രാപ്യ സമിഷ്ടവിഷ്ടരേ
ദേവം സമാസ്ഥാപ്യ സമർച്ച്യ ചാർച്ചകഃ
പ്രസാദ്യ ദത്ത്വാ വ്യജനാദ്യുപാഹൃതീഃ
കൃതാഞ്ജലിഃ പ്രാർത്ഥയതാമനേന തം. 94

അർച്ചകഃ ഗർഭാലയം പ്രാപ്യ = പിന്നെ ആചാര്യൻ ഗർഭഗൃഹത്തുങ്കൽ ചെന്ന്, സമിഷ്ടവിഷ്ടരേ ദേവം സമാസ്ഥാപ്യ സമർച്ച്യ = പീഠം പൂജിച്ചു ദേവനേ ആവാഹിച്ചു സകളീകരിച്ചു പൂജിച്ച് ത്രിമധുരം നിവേദിച്ച്, പ്രസാദ്യ വ്യജനാദ്യുപാഹൃതീഃ ദത്ത്വാ = പ്രസന്നപൂജയേ ചെയ്ത് പ്രസ

Shripuram Publications

38. അന്തേ

www.shripuram.org

ന്നാർഘ്യം കൊടുത്താൽ താലവൃന്താദി രാജോപഹാരങ്ങളേ സമർപ്പിച്ച്, കൃതാഞ്ജലിഃ അനേന തം പ്രാർത്ഥയതാം = പൂജിച്ച പുഷ്പാഞ്ജലിയേ ചെയ്ത തൊഴുതുനിന്ന് ഈ മന്ത്രംകൊണ്ടു ദേവനോടു പ്രാർത്ഥിപ്പൂ.

'തീർത്ഥയാത്രാ ത്വയാ ദേവ ശ്വഃ കർത്തവ്യാ സുരേശ്വര!
തത്ര പ്രതിസരാരംഭം ത്വമനുജ്ഞാതുമർഹസി.'

ഇത് പ്രാർത്ഥനാമന്ത്രം

അശ്വത്ഥപത്രയുഗളൈരഥ സാഗ്രദൂർവാ
സിദ്ധാർത്ഥസംയുതഘൃതം പരിഗൃഹ്യ ദോർഭ്യാം
മന്ത്രൈഃ സുശോഭനസുഭദ്രസുമംഗലാർണ്ണ-
ഭിന്നൈർഭവത്വവസിതൈഃ ക്രമശോഽധിബിംബം. 95

ആരോപയേത് കടിതടാവധി കന്ധരാന്തം
കാന്തം ച ദോർവിനിമയോഭയപാർശ്വയുക്ത്യാ
പ്രക്ഷാളയേത് കരയുഗം പൃഥഗത്ര തത്ത-
ദശ്വത്ഥപത്രകമപാസ്യ ച തസ്യ പൃഷ്ഠേ. 96

ഈ രണ്ടു ശ്ലോകംകൊണ്ട് ഘൃതാരോഹണത്തേ പറയുന്നു.

അശ്വത്ഥപത്രയുഗളൈഃ സാഗ്രദൂർവാസിദ്ധാർത്ഥസംയുതഘൃതം ദോർഭ്യാം പരിഗൃഹ്യ = പിന്നെ ഈ രണ്ടു അരയാലിലകളേക്കൊണ്ടു കറുകയുടെ അഗ്രങ്ങളും കടുകും നെയ്യും വച്ചാൽ ചിലതു തിരികൂടി കൊളുത്തിവച്ചിട്ടും രണ്ടു കൈകളേക്കൊണ്ടും എടുത്ത്, ഭവതു അവസിതൈഃ സുശോഭനസുഭദ്രസുമംഗലാർണഭിന്നൈഃ മന്ത്രൈഃ അധിബിംബം ക്രമശഃ = ഭവതു എന്ന് ഒടുക്കമായിരിക്കുന്ന സുശോഭനസുഭദ്രസുമംഗലങ്ങളോടുകൂടെ 'സുശോഭനം ഭവതു' 'സുഭദ്രം ഭവതു' 'സുമംഗലം ഭവതു' ഈ മൂന്നു മന്ത്രങ്ങളേക്കൊണ്ടു ബിംബത്തിങ്കൽ ക്രമേണ, കടിതടാവധി കന്ധരാന്തം കാന്തം ച ദോർവിനിമയോഭയ പാർശ്വയുക്ത്യാ ആരോപയേത് = പാദാഗ്രത്തിങ്കൽ തുടങ്ങി അരയോളവും, അരയിൽ തുടങ്ങി കണ്ഠത്തോളവും, കർണ്ണത്തിങ്കൽ തുടങ്ങി കേശാന്തത്തോളവും, കൈകൾ പിണച്ച രണ്ടു പുറത്തുംകൂടി ഉയർത്തി മൂന്നിനേയും പിറകിലായിട്ട് ഇടൂ. അത്ര തത്തദശ്വത്ഥപത്രകം തസ്യ പൃഷ്ഠേ അപാസ്യ കരയുഗം പൃഥക് പ്രക്ഷാളയേത് = അതാത് അരയാലികളേ പുറകിൽ കളഞ്ഞാൽ മൂന്നു പ്രാവശ്യം കൈകൾ രണ്ടിനേയും കഴുകു.

കർമ്മാർച്ചാമഭിഷിച്യ തത്ര പുരതഃ കൃത്വാ വിധായ ദ്വിജൈഃ

Shripuram Publications
www.shripuram.org

പുണ്യാഹം പ്രകലയ്യ കൗതുകമഘോരേണേശ്വരേ/ന്യേഷു തത്
പ്രാഗ്വദ് ഭൂതലയാദികം ലിപിമന്ത്രന്യാസാന്തമാധായ തത്-
പീഠം മൂർത്തിമപി പ്രകല്പ്യ കുസുമാരാദ്ധ്യ സമാജ്ഞാപ്യ തം. 97

കർമ്മാർച്ചാം അഭിഷിച്യ തത്ര പുരതഃ കൃത്വാ = പിന്നെ പൂജാശേഷത്തെ ചെയ്തു കർമ്മബിംബത്തേ എടുത്ത് അഭിഷേകം ചെയ്ത് അവിടെ മുമ്പിൽ പലകമേൽ വച്ച്, ദ്വിജൈഃ പുണ്യാഹം വിധായ = ബ്രാഹ്മണരേക്കൊണ്ടു കൗതുകദേവതാ പ്രീയതാം എന്ന വിശേഷം കൂട്ടി പുണ്യാഹത്തേ ചെയ്ത് ഈശ്വരേ അഘോരേണ അന്യേഷു പ്രാഗ്വത് കൗതുകം തത് പ്രകലയ്യ = ശിവങ്കൽ അഘോരനേക്കൊണ്ടും മറ്റ് എല്ലാ ദേവന്മാർക്കും പ്രതിഷ്ഠയ്ക്ക് മുമ്പിൽ പറഞ്ഞ മന്ത്രങ്ങളേക്കൊണ്ടും, കൗതുകസാധനമായ സ്വർണ്ണാദികളേക്കെട്ടി, ഭൂതലയാദികം ലിപിമന്ത്രന്യാസാന്തം ആധായ = പിന്നെ ഹ്ളാംഹ്രംഫട് ഇത്യാദി ബീജങ്ങളേക്കൊണ്ടു ഭൂതസംഹാരവും ശോഷണാദികളും ഭൂതസൃഷ്ടിയും സംവത്സരോചിതാദി ലിപിന്യാസാന്തവും മന്ത്രോദയപ്രാണായാമാദി പീഠന്യാസാന്തവും ചെയ്ത്, പീഠം മൂർത്തിം അപി പ്രകല്പ്യ = പീഠത്തേപൂജിച്ചു മൂർത്തിയേയും കല്പിച്ച, കുസുമാരാധ്യാ തം സമാജ്ഞാപ്യ = പുഷ്പങ്ങളേ ആരാധിച്ചു മൂലബിംബത്തുങ്കൽ നിന്ന് ആവാഹനാജ്ഞയേ പ്രാർത്ഥിപ്പൂ.

പ്രഷ്ഠോദ്ഗീഥോപചാരൈർനിജമന്ത്ര[39]പുടിതൈഃ സൃഷ്ടിസംഹാരരീത്യാ
പ്രോക്തൈരാവാഹയാമീത്യുപരതിസഹിതൈഃ പഞ്ചമന്ത്രൈസ്തദീയാത്
ഹൃത്പദ്മാ[40]ദാത്മതേജഃകണമധിദരവാരി പ്രണീയാമൃതസ്തം
കർമ്മാർച്ചായാം സുയോജ്യ പ്രകടയതു സഹാംഗീക്രിയാദ്യം ച സദ്യഃ. 98

പ്രഷ്ഠോദ്ഗീഥോപചാരൈഃ = ആദിക്കു പ്രണവത്രയോപചാരമൂലങ്ങളോട്ടും, നിജമന്ത്രപുടിതൈഃ സൃഷ്ടിസംഹാരരീത്യാ പ്രോക്തൈഃ ആവാഹയാമീത്യുപരതിസഹിതൈഃ = തങ്ങളുടെ മൂലപുടിതങ്ങളായി സൃഷ്ടിസംഹാരക്രമേണ ഉക്തങ്ങളായി എടുക്കാം. ഭഗവൻ ആഗച്ഛ ഇത്യാദി ആവാഹയാമി ഇത്യന്തമുള്ള മന്ത്രങ്ങളോട്ടു കൂടിയുമിരിക്കുന്ന പഞ്ചമന്ത്രൈഃ = തങ്ങളുടെ പഞ്ചതത്ത്വങ്ങളേക്കൊണ്ട്, തദീയാദ് ഹൃത്പദ്മാദ് ആത്മതേജഃ കണം അധിദരവാരി പ്രണീയ = ദേവന്റെ ഹൃദയപത്മത്തുങ്കൽനിന്ന് ചൈതന്യാംശത്തേ ശംഖജലത്തിലാവാഹിച്ച്, അമൃതഃ തം കർമ്മാർച്ചായാം സുയോജ്യ സദ്യഃ സഹാംഗീക്രിയാദ്യം ച പ്രകടയതു = ഈ ശംഖജലത്തിൽനിന്നും തച്ചൈതന്യത്തേ കർമ്മബിംബത്തുങ്കൽ ചേർത്ത് പ്രണവവ്യാപകതത്ത്വന്യാസാദി അംഗാന്തം ന്യസിപ്പൂ.

39. മന്ത്രവരപുടിതൈഃ 40. ഹൃൽപത്മാദാത്മതേജഃ

www.shripuram.org
Shripuram Publications
www.shripuram.org

തത്ത്വന്യാസപ്രഭൃതി വിധിനാ സുസ്ഥിതം മൂലസംസ്ഥം
കൃത്വാ ദേവം വിഹൃതമമുതോ മണ്ഡപാന്തഃ പ്രണീയ
പീഠേ ന്യസ്യ പ്രഥമമഹിതേ സ്വാണുനാ//വാഹ്യ ഭൂയഃ
സാംഗീകൃത്യ പ്രയജതു നിവേദ്യാന്തിമൈശ്ചോപഹാരൈഃ. 99

മൂലസംസ്ഥം ദേവം തത്ത്വന്യാസപ്രഭൃതിവിധിനാ സുസ്ഥിതം കൃത്വാ = പിന്നെ മൂലബിംബത്തുങ്കലേ ദേവനേ തത്ത്വന്യാസാദികൊണ്ടു സുസ്ഥിതനാക്കിച്ചെയ്തു രണ്ടേടത്തും നീരാജനമുഴിഞ്ഞു മൂലബിംബത്തേ വസ്ത്രംകൊണ്ടു മൂടി പാണിയും കൊട്ടിച്ച്, അമുതഃ വിഹൃതം ദേവം മണ്ഡപാന്തഃ പ്രണീയ = ഇവിടെ ആവാഹിച്ച കർമ്മബിംബത്തേ മണ്ഡപത്തിലെഴുന്നള്ളിച്ച്, പ്രഥമമഹിതേ പീഠേ ന്യസ്യ = മുമ്പിൽ പൂജിച്ചിരിക്കുന്ന പീഠത്തുങ്കൽ എഴുന്നള്ളിച്ച്, ഭൂയഃ സ്വാണുനാ ആവാഹ്യ സാംഗീകൃത്യ = പിന്നെ മൂലംകൊണ്ട് ആവാഹിച്ച അംഗാന്തം ന്യസിച്ച്, നിവേദ്യാന്തിമൈഃ ഉപഹാരൈഃ ച പ്രയജതു = ആസനാദ്യുപഹാരങ്ങളേക്കൊട്ടുത്തു മൂർത്തിപൂജയും ചെയ്തു നിവേദിച്ച് ഗണ്ഡൂഷാന്തം ചെയ്‌വൂ.

താംബൂലവ്യജനാർപ്പണാദിസുഭഗാം കൃത്വാ പ്രസന്നാർച്ചനാം
പ്രാഗന്ത്യാർഘ്യവിധേഃ സ്വപഞ്ചമനുഭിഃ ശയ്യാതലേ ശായയേത്
വ്യാപ്യൈനം പുനരുത്ക്രമേണ ശരതത്ത്വൈർമൂലതശ്ചാദിനാ
ജാഗ്രത്സ്വപ്നസുഷുപ്തിസംജ്ഞിതദശാസ്തീർത്വാ തുരീയാം നയേത്. 100

താംബൂലവ്യജനാർപ്പണാദിസുഭഗാം പ്രസന്നാർച്ചനാം കൃത്വാ = പിന്നെ അപ്പം, പാല്, വെറ്റില, പാക്ക് ഇത്യാദി നിവേദിച്ച് താലവൃന്താദി ഉപഹാരങ്ങളേക്കൊട്ടുത്തു പ്രസന്നപൂജയേയും ചെയ്തു, അന്ത്യാർഘ്യവിധേഃ പ്രാക് = അവസാനീയാർഘ്യത്തിനു മുമ്പിൽ ശയ്യയിങ്കലെഴുന്നള്ളിച്ച് സുരഭിചന്ദനപുഷ്പാദികളേ ചാർത്തി, സ്വപഞ്ചമനുഭിഃ ശയ്യാതലേ ശായയേത് = പഞ്ചതത്ത്വങ്ങളേക്കൊണ്ട് ആ ശയ്യയിങ്കൽ ധ്യാനാധിവാസത്തുങ്കൽ പറഞ്ഞപോലെ പ്രാസാദാഭിമുഖമായിക്കിടന്നു, പുനഃ ഏനം ശരതത്ത്വൈഃ മൂലതഃ ആദിനാ ഉത്ക്രമേണ വ്യാപ്യ = ഈ ദേവനേ പഞ്ചതത്ത്വങ്ങളേക്കൊണ്ടും മൂലംകൊണ്ടും പ്രണവംകൊണ്ടും മേല്പോട്ടു വ്യാപകങ്ങളേച്ചെയ്തു, ജാഗ്രത്സ്വപ്നസുഷുപ്തിസംജ്ഞിതദശാഃ തീർത്വാ തുരിയാം, നയേത് = ജാഗ്രദവസ്ഥയിങ്കൽനിന്ന് സ്വപ്നാവസ്ഥയേയും, സ്വപ്നാവസ്ഥയിങ്കൽനിന്ന് സുഷുപ്ത്യവസ്ഥയേയും = സുഷുപ്ത്യവസ്ഥയിൽനിന്ന് തുരീയാവസ്ഥയേയും ധ്യാനിച്ച തുരീയാവസ്ഥയേത്തന്നെ നയിപ്പൂ.

ദശാം തുരീയാമധിഗമ്യ രമ്യാം
ദേവം സ്വരൂപാനുഭവാനുഷക്തം

Shripuram Publications
www.shripuram.org

ധ്യായൻ ധിയാ//നന്ദഘനം സുരക്ഷ്യ
സംവൃത്യ ശേഷാം ക്ഷപയേത് ക്ഷപാം ച. 101

രമ്യാം തുരീയാം ദശാം അധിഗമ്യ = അതിശയമായിരിക്കുന്ന തുരീയാവസ്ഥയേ അധിഗമിച്ചിട്ട്, സ്വരൂപാനുഭവാനുഷക്തം ദേവം ആനന്ദഘനം ധിയാ ധ്യായൻ = തന്റെ സ്വരൂപാനുഭവത്തോടുകൂടി(യ) ദേവനേ പൂർണ്ണാനന്ദഘനസ്വരൂപനായി മനസ്സുകൊണ്ടു ധ്യാനിച്ച്, സുരക്ഷ്യ = ഇന്ദ്രാദിദിക്പാലകന്മാരേ എട്ടു ദിക്കിലും ആരാധിച്ചു രക്ഷിച്ച്, സംവൃത്യ ശേഷാം ക്ഷപാം ക്ഷപയേത് ച = വസ്ത്രംകൊണ്ടു മൂടി ചുറ്റും മറച്ചുകെട്ടി ശേഷമുള്ള രാത്രിയേ ഉറങ്ങാതെ ദേവാഗ്രഭാഗത്ത് ഇരുന്നു ദേവനേ ധ്യാനിപ്പൂ.

കാല്യോചിതം കർമ്മ വിധായ സാധു
സവിഗ്രഹീഭൂതസമർച്ചിതാത്മാ
താരേണ മൂലേന ച പഞ്ചതത്ത്വൈഃ
സംവ്യാപ്യ തം ധ്യായതു ജാഗരൂകം. 102

കാല്യോചിതം കർമ്മ സാധു വിധായ = പിറ്റേ ദിവസം നേരത്തേ ആചാര്യൻ സന്ധ്യാവന്ദനാദി കർമ്മങ്ങളേ ചെയ്ത്, സവിഗ്രഹീഭൂതസമർച്ചിതാത്മാ = ദേഹശുദ്ധി ശംഖപൂരണാത്മാരാധനകളേ ചെയ്തു സോപാനത്തിങ്കൽ സ്വസ്തികങ്ങളിൽ ജലദ്രോണിയേയും ഭദ്രപീഠത്തിങ്കൽ പീഠപൂജയേയും ചെയ്ത്, താരേണ മൂലേന പഞ്ചതത്ത്വൈഃ ച സംവ്യാപ്യ = പ്രണവംകൊണ്ടും മൂലംകൊണ്ടും പഞ്ചതത്ത്വങ്ങളേക്കൊണ്ടും വ്യാപകങ്ങളേച്ചെയ്തു, തം ജാഗരൂകം ധ്യായതു = ദേവനേ തുരിയാവസ്ഥയിങ്കൽ നിന്നു സുഷുപ്ത്യവസ്ഥയേയും ജാഗ്രദവസ്ഥയേയും ക്രമേണ ധ്യാനിപ്പൂ.

ഉത്ഥാപ്യ ധേന്വാദികമംഗലാനി
പ്രദർശ്യ കൃത്വാ/ർഘ്യസമർപ്പണാദ്യാം
പ്രാരബ്ധപൂജാസുസമാപ്തിമിഷ്ടേ
പീഠേ/ഥ കൃത്വാ സകളീകരോതു. 103

ഉത്ഥാപ്യ ധേന്വാദികമംഗലാനി പ്രദർശ്യ = പിന്നെ നടയും തുറന്ന് അഷ്ടമംഗലനീരാജനാദികളേ ദർശിപ്പിച്ച് മണ്ഡപത്തിങ്കൽ വന്നു ബിംബത്തേ എടുത്ത് അവിടെയും പശുവിനേയും അഷ്ടമംഗലത്തേയും എണ്ണ നെയ്യ് ഇത്യാദികളേയും നേത്രമന്ത്രംകൊണ്ടു ദർശിപ്പിച്ച്, അർഘ്യസമർപ്പണാദ്യാം പ്രാരബ്ധപൂജാ സുസമാപ്തിം കൃത്വാ = അവസാനീയാർഘ്യാദി തലനാളത്തേ പൂജാശേഷത്തേച്ചെയ്ത്, അഥ ഇഷ്ടേ പീഠേ കൃത്വാ സകളീകരോതു = പിന്നെ ബിംബത്തേ എടുത്തു സോപാനാത്തിങ്കൽ പൂജിച്ചിരി

www.shripuram.org
Shripuram Publications
www.shripuram.org

ക്കുന്ന ഭദ്രപീഠത്തേലെഴുന്നള്ളിച്ച് ആവാഹിച്ച തന്മുദ്രകളേ കാട്ടി വ്യാപകാംഗാന്തം ന്യസിച്ച സകളീകരിപ്പൂ.

ഇജ്യോദിതാനി പുനരാചമനാവസാനാ-
ന്യസ്മൈ സദന്തരസനാപവനാനി ദത്ത്വാ
ഗണ്ഡൂഷകം ബഹു സമർപ്യ സപാദ്യകാദ്യം
സംസ്നാപ്യ പാദ്യമഥ സാചമനം പ്രദദ്യാത്. 104

ഇജ്യോദിതാനി പുനരാചമനാവസാനാനി സദന്തരസനാപവനാനി അസ്മൈ ദത്ത്വാ = പിന്നെ പൂജയിങ്കൽ പറഞ്ഞിരിക്കുന്ന ആസനാദി പുനരാചമനാന്തവും, ദന്തകാഷ്ഠംകൊണ്ടു മൂന്നു പ്രാവശ്യം ദന്തശോധനയേയും, ഈർക്കിലുകൊണ്ടു മൂന്നു പ്രാവശ്യം ജിഹ്വാശോധനയേയും ചെയ്ത്, ബഹു ഗണ്ഡൂഷകം സമർപ്പ്യ = ദ്വാദശഗണ്ഡൂഷകത്തേക്കൊടുത്ത്, സപാദ്യകാദ്യം സംസ്നാപ്യ പാദ്യം സാചമനം പ്രദദ്യാത് = പാദ്യാർഘ്യാചമനീയങ്ങളേയും സ്നാനത്തേയും കൊടുത്ത് പാദ്യാചമനങ്ങളേ കൊടുപ്പൂ.

പ്രോക്ഷ്യാപോഹിപുരസ്സരൈർമധുഘൃതേനാങ്ക്ത്വാ ഹരിദ്രാദിഭിർ-
ഘൃഷ്ട്വാ//സിച്യ ശുഭൈർജ്ജലൈഃ സമഭിഷിഞ്ചേന്മന്ത്രതോയൈരപി
വസ്ത്രാദീനി സമർപ്യ ചോപഹരണാനി ത്രീണി ദൂർവാങ്കുരാൻ
പുഷ്പം ചന്ദനമഞ്ജനാഗരുരസൗ ചാസ്മൈ പ്രദദ്യാത് ക്രമാത്. 105

ആപോഹിപുരസ്സരൈഃ പ്രോക്ഷ്യ = പിന്നെ 'ആപോഹിഷ്ഠാ'ദി പുണ്യാഹമന്ത്രങ്ങളേക്കൊണ്ടു വെള്ളംകൊണ്ടു തളിച്ച്, മധുഘൃതേന അങ്ക്ത്വാ = തേനും നെയ്യുംകൊണ്ടു ബിംബത്തേ ആടി, ഹരിദ്രാദിഭിഃ ഘൃഷ്ട്വാ = മഞ്ഞളും വാകപ്പൊടിയുംകൊണ്ടു തേച്ച്, ശുഭൈഃ ജലൈഃ ആസിച്യ = നല്ല ശുദ്ധജലംകൊണ്ടു കഴുകി, മന്ത്രതോയൈഃ അപി സമഭിഷിഞ്ചേത് = പൂജിച്ച് ഇരിക്കുന്ന ജലദ്രോണിവെള്ളംകൊണ്ടു പുണ്യാഹപുരുഷസൂക്തസ്വസൂക്താദികളേക്കൊണ്ട് അഭിഷേകത്തേച്ചെയ്‌വൂ. വസ്ത്രാദീനി ത്രീണി ഉപഹരണാനി സമർപ്യ = പിന്നെ വസ്ത്രാദികളായ മൂന്നു ഉപഹാരങ്ങളേ കൊടുത്ത്, ദൂർവാങ്കുരാൻ പുഷ്പം ചന്ദനം അഞ്ജനാഗരുരസൗ ച അസ്മൈ ക്രമാത് പ്രദദ്യാത് = മൂന്നു കറുകകളേ ഉഴിഞ്ഞു ദശപുഷ്പങ്ങളേ ചാർത്തി ചന്ദനത്തേയും തേച്ച് അഞ്ജനത്തേ കണ്ണിലെഴുതി ചാന്തുകൊണ്ടു തിലകത്തേയും ക്രമേണ ദേവനായിക്കൊണ്ടു കൊടുപ്പൂ.

ഇതിന്റെ ശ്ലോകം.

സംഭ്രഷ്യാദർശമപി പരിദർശ്യാർച്ചയിത്വാ ഗണേശം
ദത്ത്വാ ഗോഭ്യോ യവസമിതിഹാസാദികം ശ്രാവയിത്വാ

www.shripuram.org
Shripuram Publications
www.shripuram.org

വിപ്രേഭ്യസ്തണ്ഡുലഘടസുവർണാദി ദത്ത്വാ/ഥ ദേവം
പ്രാർച്ച്യോദ്വാസ്യ പ്രകൃതശയനാദ്യം നയേന്മൂലധാമ. 106

സംഭ്രഷ്യ ആദർശം അപി പരിദർശ്യ = പിന്നെ സ്വർണ്ണാദി അലങ്കാരങ്ങളേക്കൊണ്ട് അലങ്കരിച്ച് വാൽക്കണ്ണാടിയേ കാട്ടി ദേവനേ ദർശിപ്പിച്ച്, ഗണേശം അർച്ചയിത്വാ = ഗണപതിയേ വേറെ നിവേദിച്ച്, ഗോഭ്യഃ യവസം ദത്ത്വാ = പശുക്കൾക്കായിക്കൊണ്ടു പയറ്, പുല്ല് ഇത്യാദികളേക്കൊടുത്ത്, ഇതിഹാസാദികം ശ്രാവയിത്വാ = ഇതിഹാസാദി പുരാണങ്ങളേ കേൾപ്പിച്ച്, വിപ്രേഭ്യഃ തണ്ഡുലഘടസുവർണാദി ദത്ത്വാ = ബ്രാഹ്മണർക്കായിക്കൊണ്ട് അരിയോടുകൂടിയ സ്വർണ്ണത്തേ ദാനം ചെയ്ത്, അഥ ദേവം പ്രാർച്യ = പിന്നെ മൂർത്തിപൂജയേച്ചെയ്ത് നിവേദിച്ച പ്രസന്നപൂജയേയും ചെയ്ത്, പ്രകൃതശയനാദ്യം ഉദ്വാസ്യ = ശയ്യ മുളപ്പാലികചൈതന്യങ്ങൾ ജലദ്രോണി ഇവറ്റേ ഉദ്വസിച്ച്, മൂലധാമ നയേത് = പാണികൊട്ടിച്ച ബിംബത്തേ അകത്തേയ്ക്ക് എഴുന്നള്ളിപ്പൂ.

മൂലാർച്ചാമഭിഷിച്യ പീഠമഭിപൂജ്യാത്ര പ്രകല്പ്യാണവീം
മൂർത്തിം തത്ര സുയോജ്യ കൗതുകഗതം ദേവം പുരോക്താണ്ഡിഃ
അന്വാവാഹ്യ നിജേന മൂലമനുനാ കൃത്വാ സഹാംഗീക്രിയാം
തസ്മിൻ സാംപ്രതികാർച്ചനാദികവിധിം കുർവ്വീത സർവ്വം തതഃ. 107

മൂലാർച്ചാം അഭിഷിച്യ = പിന്നെ മൂലബിംബത്തേയും എണ്ണ ആടി അഭിഷേകത്തേയും ചെയ്ത്, പീഠം അഭിപൂജ്യ = പീഠം പൂജിച്ച്, അത്ര ആണവീം (പീഠ) മൂർത്തിം പ്രകല്പ്യ = മന്ത്രമൂർത്തിയേ അവിടെ കല്പിച്ചാൽ പലക വച്ച പീഠം പൂജിച്ച് കർമ്മബിംബത്തേ അവിടെ എഴുന്നള്ളിച്ച്, തത്ര കൗതുകഗതം ദേവം പുരോക്താണ്ഡിഃ സുയോജ്യ അന്വാഹ്യ = തലേനാൾ കർമ്മബിംബത്തുങ്കൽ ആവാഹിച്ച് ഇരിക്കുന്ന ദേവനേ പ്രണവോപചാമൂലപുടിതപഞ്ചതത്ത്വങ്ങളേക്കൊണ്ടു ശംഖിൽ ആവാഹിച്ച് മൂലബിംബത്തുങ്കൽ യോജിപ്പിച്ച്, നിജേന മൂലമനുനാ അന്വാവാഹ്യ സഹാംഗീക്രിയാം കൃത്വാ = തന്റെ മൂലമന്ത്രംകൊണ്ട് ആവാഹിച്ച് അംഗന്യാസാന്തം ചെയ്ത് നീരാജനത്തേയും ഉഴിഞ്ഞാൽ, തസ്മിൻ സാമ്പ്രതികാർച്ചനാദികവിധിം തതഃ സർവം കുർവീത = ഉഷപ്പൂജ തുടങ്ങിയുള്ള നിത്യപൂജയയേയും ശീവേലി തുടങ്ങിയുള്ളവറ്റേയും ചെയ്‌വൂ.

യാത്രാഹോമമഥാദധീത വിനിധായാഗ്നിം യഥോക്തക്രമാത്
കൃത്വാ/സ്മിൻ പരിവാരഹോമചരമം സർപ്പിർഹുനേദേകശഃ
ഷണ്മന്ത്രൈശ്ച കനിക്രദത്പ്രഭൃതിഭിഃ സ്വസ്ത്യാദിപഞ്ചാണ്ഡി-
ശ്ചാഥ സ്വേന ജുഹോതു മൂലമനുനാ ദ്രവ്യാണി ചത്വാര്യപി. 108

www.shripuram.org
Shripuram Publications
www.shripuram.org

അഥ യഥോക്തക്രമാത് അഗ്നിം വിനിധായ യാത്രാഹോമം ആദധീത = പിന്നെ ഒരിടത്തു കീറി തീയും ഇട്ട് അന്വാധാനാദി തുടങ്ങി യാത്രാഹോമത്തേച്ചെയ്‌വൂ. അസ്മിൻ പരിവാരഹോമ ചരമം കൃത്വാ = ഈ ഹോമത്തുങ്കൽ പൂജ തുടങ്ങി നിവേദ്യസ്ഥാനത്ത് ഇധ്മാദിചക്ഷുഷ്യന്തവും പീഠമന്ത്രാദിപരിവാരമന്ത്രാജ്യാഹുത്യന്തവും മൂലാഷ്ടാജ്യാഹുതിയും പൂർണ്ണാഹുതിയും ചെയ്താൽ, കനിക്രദത് പ്രഭൃതിഭിഃ ഷണ്മന്ത്രൈഃ സ്വസ്ത്യാദി പഞ്ചാണഭിഃ ച ഏകശഃ ആജ്യം ഹുനേത് 'കനിക്രദജ്ജനുഷം' ഇത്യാദി ആറ് ഋക്കുകളേക്കൊണ്ടും 'സ്വസ്തിനോ മിമീതാം' ഇത്യാദി അഞ്ച് ഋക്കുകളേക്കൊണ്ടും ഓരോ ഉരു ആജ്യാഹുതിയേച്ചെയ്ത് അഥസ്വേന മൂലമന്ത്രനാ ചത്വാരി ദ്രവ്യാണി അപി ജുഹോതു പിന്നെ മൂലംകൊണ്ട് സമിദാജ്യഹവിരാജ്യങ്ങളേയും ഹോമിപ്പൂ.

തീർത്ഥാർത്ഥമത്രൈവ ജുഹോതു വാ//ജ്യം
സൈ്വഃ പഞ്ചത[41]ത്ത്വൈഃ പൃഥഗഷ്ടസംഖ്യം
തീർത്ഥോപകണ്ഠാഹിതപാവകേ വാ
കുര്യാത്തതഃ സ്വിഷ്ടകൃദാദിശേഷം. 109

അത്ര ഏവ തീർത്ഥാർത്ഥം സൈ്വഃ പഞ്ചതത്ത്വൈഃ പൃഥക് അഷ്ടസംഖ്യം ആജ്യം ജുഹോതു വാ = ഈ ഹോമത്തുങ്കൽതന്നെ തീർത്ഥസ്നാനത്തിനായിക്കൊണ്ടു തങ്ങളുടെ പഞ്ചതത്ത്വങ്ങളേക്കൊണ്ടു വെവ്വേറേ എട്ടെട്ടു ഉരു ആജ്യാഹുതിയേച്ചെയ്കിലുമാം. തീർത്ഥോപകണ്ഠാഹിതപാവകേ വാ = ഈ ഹോമം തീർത്ഥസമീപത്തിൽ കീറിത്തീയിട്ടു ചെയ്കിലുമാം. തതഃ സ്വിഷ്ടകൃദാദിശേഷം കുർവ്വീത = പിന്നെ സ്വിഷ്ടകൃദാദിഹോമം മുടിച്ച് പ്രസന്നപൂജയും ചെയ്ത് സമ്പാതം രണ്ടും വേറേ വച്ചേപ്പൂ.

ഗത്വാ ഗർഭഗൃഹം സമിഷ്ടനിജപീഠേ ദേവമാസ്ഥാപിതം
സംസ്നാപ്യാചമനീയകാവധി സമർപ്യ പ്രോക്ഷ്യ ചാപ്യാദിഭിഃ
ചൂർണ്ണൈസ്തണ്ഡുലമുദ്ഗമാഷയവഹേമാദിക്ഷപാഗന്ധജൈഃ
സ്ഥാണാവഗ്നിഹൃദാ//ജിതേ ദ്രുപദയാ ശേഷേഷുചോദ്വർത്തയേത്. 110

ഗർഭഗൃഹം ഗത്വാ = പിന്നെ ആചാര്യൻ ഗർഭഗൃഹത്തേ ഗമിച്ച്, സമിഷ്ടനിജപീഠേ ആസ്ഥാപിതം ദേവം സംസ്നാപ്യ = പീഠത്തേപ്പൂജിച്ച് ആവാഹിച്ച വ്യാപകാംഗാന്തം ന്യസിച്ച സ്നാനകാലത്തു അഭിഷേകം ചെയ്ത് ആചമനീയകാവധി സമർപ്യ = അർഘ്യപാദ്യാചമനങ്ങളേക്കൊടുത്ത്, ആപ്യാദിഭിഃ പ്രോക്ഷ്യ = 'ആപോഹിഷ്ഠാദി' പുണ്യാഹമന്ത്രങ്ങളേക്കൊണ്ടു ജപിച്ച് കിണ്ടിയിലേ വെള്ളംകൊണ്ടുതാൻ പുണ്യാ

Shripuram Publications
www.shripuram.org

41. പഞ്ചമന്ത്രൈഃ

ഹപാത്രജലംകൊണ്ടു താൻ തളിച്ച്, തണ്ഡുലമുദ്ഗമാഷയവഹേമാദിക്ഷ പാഗന്ധജൈഃ ചൂർണ്ണൈഃ = അരിപൊടിച്ചതും ചെറുപയറുപൊടിച്ചതും ഉഴുന്നുപൊടിച്ചതും യവം പൊന്ന്, വെള്ളി, ചെമ്പ് ഇത്യാദിയും മഞ്ഞൾ അഷ്ടഗന്ധം ഇവ ഒക്കയും വെവ്വേറെ പൊടിച്ച പൊടികളേ ഒന്നായി കൂട്ടിയതുകൊണ്ട്, സ്ഥാണൗ അഗ്നിഹൃദാ = ശിവങ്കൽ അഘോരാസ്ത്രമന്ത്രം കൊണ്ടും, അജിതേ ദ്രുപദയാ = വിഷ്ണുവിങ്കൽ 'ദ്രുപദാദിവേൻമുമു ചാനഃ' ഇത്യാദികൊണ്ടും, ശേഷേഷു ച ഉദ്വർത്തയേത് = മറ്റുള്ള ദേവന്മാരിൽ മൂലംകൊണ്ടും ബിംബത്തേ തേപ്പൂ.

സംസ്ഥാപ്യ സംപൂജ്യ തഥൈവ വാ തം
കൃത്വാ തദഗ്രേ ശുചി കർമ്മബിംബം
തീർത്ഥേതിമന്ത്രേണ ഗുഹേ ഗണേശേ-
/പ്യന്യേഷു കർമ്മേത്യണനാ/ർത്ഥയേത. 111

സംസ്ഥാപ്യ സംപൂജ്യ = പിന്നെ അഭിഷേകത്തേച്ചെയ്തു വസ്ത്രാദി മൂർത്തിപൂജ തുടങ്ങി പൂജാശേഷം തുടങ്ങീട്ട് എങ്കിലും തഥാ ഏവ വാ = അപ്പോൾതന്നെ അഭിഷേകവും പൂജയും ചെയ്യാതെ എങ്കിലും, തദഗ്രേ കർമ്മബിംബം ശുചി കൃത്വാ = ദേവന്റെ മുമ്പിൽ അർച്ചനാബിംബത്തേ പീഠത്തിന്മേലെഴുന്നള്ളിച്ച് ഭൂതസംഹാരം തുടങ്ങി പീഠന്യാസാന്തം ചെയ്തു ശുദ്ധമാക്കിച്ചെയ്തു പീഠം പൂജിച്ച് മൂർത്തിയേ കല്പിച്ചാൽ, ഗുഹേ ഗണേശേ തീർത്ഥേതിമന്ത്രേണ = സുബ്രഹ്മണ്യങ്കലും ഗണപതിയിലും 'തീർത്ഥാഭിഗമനാത്' ഇത്യാദി മന്ത്രംകൊണ്ടും, അന്യേഷു കർമ്മേത്യണനാ = മറ്റുള്ള വിഷ്ണ്വാദികളിൽ, 'കർമ്മാർച്ചാ തീർത്ഥയാത്രാർത്ഥം' ഇത്യാദി മന്ത്രംകൊണ്ടും, അർത്ഥയേത = മൂലബിംബത്തുങ്കൽ പൂർണ്ണപുഷ്പാഞ്ജലിയേച്ചെയ്തു പ്രാർത്ഥിപ്പൂ.

'തീർത്ഥാഭിഗമനാദ്യാവദ് ദേവാഭിഗമനം പുനഃ
താവത് ത്വം കൗതുകമിദമധിഷ്ഠായ പ്രസീദ നഃ.'
'കർമ്മാച്ചാ തീർത്ഥയാത്രാർത്ഥം തവേയം കല്പിതാ വിഭോ
തീർത്ഥയാത്രാം കുരുഷ്വാസ്യാം സംക്രമ്യാനുഗ്രഹായ നഃ.'

ഇതു രണ്ടും ഇവിടെ പറഞ്ഞ പ്രാർത്ഥനാമന്ത്രങ്ങൾ.

സമ്പാതം പ്രസമർപ്യ മൂലമനുബിംബാത് കർമ്മബിംബേ തതോ-

ദേവം പ്രോക്തവിധാനതഃ സമഭിവാഹ്യാധായ സാംഗീക്രിയാം

മൂലാർച്ചാം പരിരക്ഷ്യ കൗതുകഗതം ദേവം ഗൃഹീത്വാ ബഹി

Shripuram Publications
www.shripuram.org

ർന്നിഷ്ക്രാമേ[42]ന്നിജമൂർത്തിപൈഃ സഹസുധീർമംഗല്യവാദം വദൻ. 112

സമ്പാതം പ്രസമർപ്യ = പിന്നെ യാത്രാഹോമസമ്പാതത്തേ മൂല ബിംബത്തുങ്കൽ സ്പർശിച്ച്, പ്രോക്ഷവിധാനതഃ മൂലമനുബിംബാത് കർമ്മബിംബേ സമഭിവാഹ്യ = മുമ്പിൽ പറഞ്ഞപോലെ പ്രണവോപചാര മൂലപുടിതപഞ്ചതത്ത്വങ്ങളേക്കൊണ്ട് മൂലബിംബത്തുങ്കൽനിന്ന ശംഖജലത്തിൽ ആവാഹിച്ച് കർമ്മബിംബത്തിങ്കൽ യോജിപ്പിച്ച്, സാംഗീക്രിയാം ആധായ = പ്രണവവ്യാപകപഞ്ചതത്ത്വന്യാസാദി ചെയ്ത സകളീകരിച്ച് മൂലാർച്ചാം പരിരക്ഷ്യ = മൂലബിംബത്തേ തത്ത്വന്യാസാദി ചെയ്ത രക്ഷിച്ച് വസ്ത്രംകൊണ്ടു മൂടി പാണിയും കൊട്ടിച്ച്, കൗതുകഗതം ദേവം ഗൃഹീത്വാ = കർമ്മബിംബത്തേ എടുപ്പിച്ച്, നിജമൂർത്തിപൈഃ സഹ സുധീഃ മംഗല്യവാദം വദൻ ബഹിഃ നിഷ്ക്രാമേത് = പരികർമ്മികളോടും കൂടി സുധിയായിരിക്കുന്ന ആചാര്യൻ മംഗല്യവാദത്തേ ജപിച്ചുംകൊണ്ട് ആറാട്ടുബലി ഇകുന്നിതാനായിട്ടു പുറത്തു എഴുന്നള്ളിപ്പൂ.

'ജഗന്നിർമ്മാണസംഹാരസ്ഥിത്യനുഗ്രഹഹേതവഃ
ദേവാനാമീശ്വരാ ദേവാ മംഗലം പ്രദിശന്തു നഃ.'

ഇത് മംഗല്യവാദത്തിന്റെ ആദി, സമുച്ചയത്തിങ്കൽ പറഞ്ഞിട്ടുള്ളത്.

ശേഷം മംഗല്യവാദത്തേ ആഗമങ്ങളിൽ പറഞ്ഞിരിക്കുന്നതിനേയും കൂടെ പറയുന്നു.

'വിഷ്ണുർബ്രഹ്മാ ച രുദ്രശ്ച പ്രചണ്ഡശ്ചണ്ഡ ഏവ ച
ഗരുത്മാൻ വൃഷഭശ്ചൈതേ മംഗലം പ്രദിശന്തു നഃ.
ഇന്ദ്രശ്ചാഗ്നിർയമശ്ചൈവ നിരൃതിർവരുണസ്തഥാ
വായുർവൈശ്രവണേശാനൌ മംഗലം പ്രദിശന്തു നഃ.
വരാഹനരസിംഹൌ ച രാമശ്രീധരവാമനാഃ
ഹയാസ്യവസുദേവൌ ച മംഗലം പ്രദിശന്തു നഃ
പുരുഷോ നിരൃതിശ്ചൈവ സിംഹോ നാരായണാച്യുതൌ
അനിരുദ്ധോ ഹരിഃ കൃഷ്ണോ മംഗലം പ്രദിശന്തു നഃ.
കുമുദഃ കുമുദാക്ഷശ്ച പുണ്ഡരീകശ്ച വാമനഃ
ശംകുകർണ്ണഃ സർവനേത്രഃ സുമുഖഃ സുപ്രതിഷ്ഠിതഃ.
ദേവദൗവാരികാശ്ചൈതേ മംഗലം പ്രദിശന്തു നഃ
അസംഖ്യാതാ ഗണാഃ സർവേ രുദ്രപാരിഷദാശ്ച യേ

Shripuram Publications

42. നിർഗ്ഗച്ഛേ

www.shripuram.org

അനപാരിഷദാശ്ചാന്യേ മംഗലം പ്രദിശന്തു നഃ.
ഭൂർലോകഭുവർലോകാദ്യാഃ സപ്ത ലോകാഃ പ്രതിഷ്ഠിതാഃ
സാഗരാശ്ച തഥാ സർവേ മംഗലം പ്രദിശന്തു നഃ.
പ്രേതപാതാളലോകാശ്ച രുദ്രലോകാഃ സുരോചിതാഃ.
ദിക്ഷു സർവാസു തിഷ്ഠന്തോ മംഗലം പ്രദിശന്തു നഃ.
ദേവാശ്ചാപ്യുപദേവാശ്ച സേതിഹാസാഃ കഥാ അപി
ഷഡംഗാനി ച ശാസ്ത്രാണി മംഗലം പ്രദിശന്തു നഃ.
ഗംഗാ ച യമുനാ ഗോദാവരീ ചൈവ സരസ്വതീ
നർമ്മദാ സിന്ധുകാവേര്യൗ മംഗലം പ്രദിശന്തു നഃ.
ശംഖപദ്മമഹാപദ്മകാർക്കോടഗുളികാദയഃ
വാസുകിസ്തക്ഷകശ്ചാപി മംഗലം പ്രദിശന്തു നഃ.
യക്ഷരക്ഷോഗ്രഹാ നാഗാ ഗന്ധർവാപ്സരസാം ഗണാഃ
ഗ്രഹാശ്ചാപ്യസുരാശ്ചാപി മംഗലം പ്രദിശന്തു നഃ.
സൂര്യാദയോ ഗ്രഹാശ്ചാഥ മേഷാദ്യാ രാശയസ്തഥാ
മാസാഃ സവിഷ്ടപാദ്യാശ്ച മംഗലം പ്രദിശന്തു നഃ.
സർവേ വിദ്യേശ്വരാശ്ചാപി യേ ദിവ്യാ യേ ച മാനവാഃ
ദിവ്യന്തരിക്ഷഭൂമിസ്ഥാ മംഗലം പ്രദിശന്തു നഃ.
താരാ ധ്രുവശ്ച സോമശ്ച ആപശ്ചൈവാനലോഽനിലഃ[43]
പ്രത്യൂഷശ്ച പ്രഭാസശ്ച മംഗലം പ്രദിശന്തു നഃ.
യജ്ഞാശ്ച പഞ്ചയജ്ഞാശ്ച പാകയജ്ഞാസ്തഥൈവ ച
സർവ ഏതേ മഹായജ്ഞാ മംഗലം പ്രദിശന്തു നഃ.
കുമാര്യശ്ച കുമാരാശ്ച ഗണേശാശ്ച വിനായകാഃ
സർപ്പാശ്ച കിന്നരാശ്ചാപി മംഗലം പ്രദിശന്തു നഃ.
മൃഗവ്യാധശ്ച സർവശ്ച നിരൃതിശ്ചാജ ഏകപാത്
അഹിർബുധ്നിഃ പിനാകീ ച ഭവനോഥേശ്വരസ്തഥാ
സ്ഥാണുർഭവശ്ച പാപാരിമ്മംഗലം പ്രദിശന്തു നഃ.
ധാതാഽര്യമാ ച മിത്രശ്ച വരുണോംശോ ഭഗസ്തഥാ
ഇന്ദ്രോ വിവസ്വാൻ പൂഷാ ച പർജന്യസ്ത്വഷ്ട[44] വിഷ്ണവഃ
ഏതേ ച ദ്വാദശാദിത്യാ മംഗലം പ്രദിശന്തു നഃ.
യവക്രീതശ്ച ക്രീതശ്ച അർവ്വാഗ്വസുഖിഭാവസൂ
കക്ഷീവാൻ നാരദഃ കണ്വോ മംഗലം പ്രദിശന്തു നഃ

Shripuram Publications

43. ആപശ്ചൈവാനിലോഽനലഃ 44. പർജ്ജന്യത്വഷ്ട്യ

www.shripuram.org

ഉന്മുചിഃ പ്രമുചിശ്ചൈവ ആത്രേയോ/ഗസ്ത്യ ഏവ ച
ദൃഢായുശ്ചോധ്മബാഹുശ്ച മംഗലം പ്രദിശന്തു നഃ.
ദൃഷദ്ഗുഹ്യമഹദ്ഗുഹ്യപരിവ്യാജ്യാസ്തഥൈവച
ഏകദ്വിത്രിസമാഖ്യാതാ മംഗലം പ്രദിശന്തു നഃ
കാശ്യപോ/ത്രിർവസിഷ്ഠശ്ച ഭരദ്വാജോ/ംഗിരാസ്തഥാ
കൗശികോ ഭഗവാംശ്ചൈതേ മംഗലം പ്രദിശന്തു നഃ.
ആവഹോ വിവഹശ്ചൈവ ഉദ്വഹസ്സംവഹസ്തഥാ
പരിവഹോ നിവഹ[45]ശ്ചൈതേ മംഗലം പ്രദിശന്തു നഃ.
ശ്വേതകേതുശ്ച വ്യാസശ്ച വാല്മീകിഃ സുയശാസ്തഥാ
ഔർവശേയശ്ച ശക്തിശ്ച തഥാ ചൈവ പരാശരഃ
സപ്തൈതേ ദിവ്യമുനയോ മംഗലം പ്രദിശന്തു നഃ'

ഇങ്ങനെ മംഗലവാദത്തേ ചൊല്ലിക്കൂട്ടിയാൽ എല്ലാവരും സ്വസ്തി വാദത്തേയും ചൊല്ലൂ.

'സ്വസ്തയേ/സ്തു മഹാവിഷ്ണുഃ സ്വസ്തയേ/സ്തു ചതുർമ്മുഖഃ
സ്വസ്തയേ/സ്തു സദാ രുദ്രഃ സ്വസ്തയേ/സ്തു ശതക്രതുഃ
സ്വസ്തയേ/സ്തു സദാ വഹ്നിഃ സ്വസ്തയേ/സ്തു സദാ യമഃ
സ്വസ്തയേ നിരൃതിഃ ഖ്യാതഃ സ്വസ്തയേ വരുണസ്സദാ.
സ്വസ്തയേ/സ്തു സദാ വായുഃ സ്വസ്തയേ/സ്തു ധനേശ്വരഃ
സ്വസ്തയേ/സ്തു സദേശാനഃ സ്വസ്തയേ/സ്തു മരുദ്ഗണഃ
സ്വസ്തയേ സന്തു വസവോ രുദ്രാശ്ച സ്വസ്തയേ സദാ
ആദിത്യാഃ സ്വസ്തയേ സന്തു മുനയഃ സ്വസ്തയേ സദാ
ഗന്ധർവാഃ സ്വസ്തയേ സന്തു കിന്നരാഃ സ്വസ്തയേ സദാ
നാഗാശ്ച സ്വസ്തയേ സന്തു പന്നഗാഃ സ്വസ്തയേ സദാ
വിദ്യേശാഃ സ്വസ്തയേ സന്തു സ്വസ്തയേപ്/സരസസ്സദാ
സ്വസ്തയേ സന്തു നദ്യശ്ച സ്വസ്തയേ ചാലവാലകാഃ.
സാഗരാഃ സ്വസ്തയേ സന്തു ശൈലാശ്ച സ്വസ്തയേ സദാ
സ്വസ്തയേ മാതരഃ സന്തു പിതരഃ സ്വസ്തയേ തഥാ.
ദേവപാരിഷദാഃ സർവേ സ്വസ്തയേ സന്തു നഃ സദാ
സ്വസ്തി ഭാഗവതാനാം തു സ്വസ്തി ചാസ്ത്വഗ്രജന്മനാം.
സ്വസ്ത്യസ്തു പൂജകാനാം തു സ്വസ്തി ചാസ്തു ഗവാമപി
സ്വസ്ത്യസ്തു സ്ഥാവരാണാം ച ജംഗമാനാം തഥൈവ ച

Shripuram Publications
www.shripuram.org

45. നിവഹശ്ച

സ്വസ്തി ചാസ്തു ച മന്ത്രാണാം സ്വസ്തി വൈ കർമ്മണാമപി
തീർത്ഥയാത്രാ ഹി ദേവസ്യ വിഷ്ണോരസ്മൈ നമോ നമഃ.'

ഇങ്ങനെ സ്വസ്തിവാദമന്ത്രങ്ങൾ. ബലി തൂകുന്നേടത്ത് -

'ബലിദാനം ഹി ദേവസ്യ വിഷ്ണോരസ്മൈ നമോ നമഃ.'

ഇങ്ങനെ ഭേദം.

അന്തർവികീര്യ ബലിമേകപരിക്രമേണ
ബാഹ്യേ ച തദ്ധ്വജചിതീഃ പ്രവിലാപ്യ ദേവേ
ക്ഷേത്രേശഗുപ്ത സദനോ/ന്യഗണൈഃ പ്രയാതു
ദേവം നിജേ സമധിരോപ്യ രഥാദിയാനേ. 113

അന്തഃ ബാഹ്യേ ച ഏകപരിക്രമേണ ബലി വികീര്യ = അകത്തേ ദ്വാഃസ്ഥാദിനിർമ്മാല്യധാര്യവസാനമായ ശ്രീഭൂതബലി ദേവതകളേ ഒക്കെയും, പുറത്ത് ധ്വജദേവതാദിക്ഷേത്രപാലാന്തവും, ഓരോ പ്രദക്ഷിണമായി ബലിയേ തൂകി, തദ്ധ്വജചിതീഃ ദേവേ പ്രവിലാപ്യ = എട്ടു ദിക്കിലേയും ധ്വജചൈതന്യത്തേയും മഹാധ്വജത്തേയും ദേവങ്കൽ ഉദ്വസിപ്പൂ. മഹാധ്വജത്തേ ആറാട്ടു കഴിഞ്ഞ് അകത്തേയ്ക്കു എഴുന്നള്ളിക്കുമ്പോൾ ഉദ്വസിക്കുന്നു ചിലര്. ക്ഷേത്രേശഗുപ്തസദനഃ = ക്ഷേത്രപാലനേ ക്ഷേത്രരക്ഷയ്ക്കായിക്കൊണ്ടു കല്പിച്ചാൽ, ദേവം നിജേ രഥാദിയാനേ സമധിരോപ്യ അന്യഗണൈഃ പ്രയാതു = പിന്നെ ദേവനേ തന്റെ വാഹനത്തുങ്കൽ എഴുന്നള്ളിച്ച് എങ്കിലും രഥഗജാദികളിൽ എഴുന്നള്ളിച്ചു എങ്കിലും അന്യപരിവാരങ്ങളോട്ടുകൂടി തീർത്ഥത്തുങ്കലേയ്ക്കു പുറപ്പെട്ടു.

ദ്വാഃസ്ഥാദിയജ്വാ യജമാനയുക്തോ
ദിങ്മന്ത്രതഃ സാലബഹിഃ പരീത്യ
അർവാഗ് വ്രജേദ്യോജനതഃ സമേതാ
വിപ്രൈർഹവിഷ്യാംബുഘടാദിഹസ്തൈഃ. 114

യജമാനയുക്തഃ ദ്വാഃസ്ഥാദിയജ്വാ = പിന്നെ ആചാര്യൻ ഊരാളരോടുംകൂടി ദേവനേ എഴുന്നള്ളിപ്പിച്ചു ഗോപുരവാതുക്കൽ ദ്വാഃസ്ഥന്മാർക്കു ബലിയേ തൂകി, സാലബഹിഃ ദിങ്മന്ത്രതഃ ച = മതില്ക്കു പുറത്ത് 'യേ ഭൂതാഃ പുരസ്സദഃ' ഇത്യാദി മന്ത്രംകൊണ്ട് എട്ടു ദിക്കിലും സർവഭൂതങ്ങൾക്കും ബലിയേ തൂകി, പരീത്യ = ഒരു പ്രദക്ഷിണമായി ഗമിച്ച്, ഹവിഷ്യാംബുഘടാദിഹസ്തൈഃ വിപ്രൈഃ സമേതഃ = ഹവിസ്സും വെള്ളവും ജലഗന്ധപുഷ്പങ്ങളും എടുത്തു ഇരിക്കുന്ന പരികർമ്മികളോടുംകൂടി, യോ

www.shripuram.org
Shripuram Publications
www.shripuram.org

ജനതഃ അർവാക് വ്രജേത് = ഒരു യോജന അടുത്തിരിക്കുന്ന തീർത്ഥത്തുങ്കലേയ്ക്ക് ദേവനേ എഴുന്നള്ളിപ്പൂ. അപ്പോൾ ചത്വരാശ്വത്ഥാദികളിൽ ആചാര്യൻ ബലിയേയും തൂകൂ.

ശംഖപ്രേംഖച്ചടുലപടഹോത്താളതാളോരുഭേരീ-
രംഗച്ഛൃംഗോഡ്ഡമരഡമരുദ്ദീപ്രവീണാപ്രവീണാഃ
ഢക്കാഢൂക്കാവിരളമുരളീകർമ്മഠാശ്ചാഭിയായുഃ
സ്ഥായദ്ദീപാസ്തമിഹ മഹിതോദ്ദാമഹേളാ മഹേളാഃ. 115

ശംഖപ്രേംഖച്ചടുലപടഹോത്താളതാളോരുഭേരീരംഗച്ഛൃംഗോഡഡമരഡമരുദ്ദീപ്രവീണാപ്രവീണാഃ = ശംഖധ്വനിയോടുകൂടി ശബ്ദിച്ചിരിക്കുന്ന നല്ല പെരുമ്പറയോടും നല്ല ശബ്ദമായിരിക്കുന്ന ചേങ്കല കൈമണി ഇവറ്റോടും നല്ലതായി വലുതായിരിക്കുന്ന ചെണ്ടകളോടും, കൊമ്പ്, കുഴൽ ഇവറ്റോടും ശബ്ദിച്ചിരിക്കുന്ന തിമില കട്ടുത്തുടി ഇവറ്റോടും, വീണാശബ്ദത്തോടുംകൂടി ഇരിക്കുന്ന സമർത്ഥന്മാരായ വാദ്യക്കാരും, ഢക്കാഢുക്കാവിരളമുരളീകർമ്മഠാഃ ച = എടയ്ക്കയും മദ്ദളവും നല്ല ശബ്ദമുള്ള മുരളികളും ശബ്ദിപ്പിക്കുന്നേടത്തു സമർത്ഥന്മാരായ വാദ്യക്കാരും, സ്ഥായദ്ദീപാഃ = ശോഭിച്ചിരിക്കുന്ന ദീപത്തേ എടുത്തുംകൊണ്ട് മഹിതോദ്ദാമഹേളാഃ മഹേളാഃ ച തം അഭിയായുഃ നല്ല മുത്തുമാലകളേക്കൊണ്ട് അലങ്കരിച്ച് ഇരിക്കുന്ന സ്ത്രീകളും ദേവന്റെ മുമ്പിൽ നടക്കണം.

പഞ്ചവാദ്യവരവാദനാവിധാ-
ചുഞ്ചവോ/സ്യ പുരതഃ പ്രയാന്ത്വിഹ
ഛത്രചാമരവിധാരിണോ/ഭിതഃ
പൃഷ്ഠതോ ജയജയാദിവാദിനഃ. 116

ഇഹ അസ്യ പുരതഃ പഞ്ചവാദ്യവരവാദനാവിധാചുഞ്ചവഃ പ്രയാന്തു = ഇവിടെ ദേവന്റെ മുമ്പിൽ ശംഖഭേര്യാദിപഞ്ചവാദ്യക്കാര് മുമ്പേ നടക്കണം, അഭിതഃ ഛത്രചാമരവിധാരിണഃ = ചുറ്റും കുട ആലവട്ടം വെഞ്ചാമരം ഇവറ്റേ എടുത്തവരും പൃഷ്ഠതഃ ജയജയാദിവാദിനഃ = പുറകിൽ ജയജയ എന്നു പറഞ്ഞിരിക്കുന്ന ജനങ്ങളും നടക്കണം.

ആസാദ്യ നദ്യാദിവിശിഷ്ടതീർത്ഥം
തത്സമ്മുഖം ന്യസ്യ സമിഷ്ടപീഠേ
സാംഗീക്രിയാദ്യം പ്രവിധായ തസ്മൈ
ദദ്യാദ് ദ്വിതീയാചമനാവസാനം. 117

Shripuram Publications
www.shripuram.org

നദ്യാദിവിശിഷ്ടതീർത്ഥം ആസാദ്യ = ഇങ്ങനെ ചെന്നു നദി തുട

ങ്ങിയുള്ള തീർത്ഥത്തിന്റെ സമീപത്തു ചെന്നാൽ, സമിഷ്ടപീഠേ തത്സമ്മുഖം ന്യസ്യ = ഭദ്രപീഠത്തുങ്കൽ പീഠം പൂജിച്ച് ദേവനേ പീഠത്തിങ്കലെഴുന്നള്ളിച്ച്, സാംഗീക്രിയാദ്യം പ്രവിധായ = ആവാഹിച്ച് ലിപിന്യാസാദി അംഗാന്തം ന്യസിച്ച്, തസ്മൈ ദ്വിതീയാചമനാവസാനം ദദ്യാത് = ആ ദേവനായിക്കൊണ്ടു അർഘ്യാദിപുനരാചമനാന്തം ഉപഹാരങ്ങളേ കൊടുപ്പൂ.

വിശോധിതേ തീർത്ഥജലേ ജലേശാ-
ദീജ്യാതദർഹാഹൃതിജാജ്യസിദ്ധേ
ത്രിർമ്മജ്ജയേത്തജ്ജലസമ്മുഖീനം
ദേവം സുധീഃ സ്വൈരഥ പഞ്ചമന്ത്രൈഃ. 118

അഥ സുധീഃ വിശോധിതേ ജലേശാദീജ്യാതദർഹാഹൃതിജാജ്യസിദ്ധേ തീർത്ഥജലേ = പിന്നെ ആചാര്യൻ തീർത്ഥജലത്തുങ്കൽ പീഠത്തേ പൂജിച്ചു ശോഷണാദികളും ചെയ്തു വരുണനേയും ഗംഗയേയും ദേവനേയും വെവ്വേറേ ആവാഹിച്ചു പൂജിച്ച് വരുണജപാന്തം ചെയ്തേടത്തു സമ്പാതത്തേ സ്പർശിച്ച്, സ്വൈഃ പഞ്ചമന്ത്രൈഃ = തന്റെ പഞ്ചതത്ത്വങ്ങളേ ജപിച്ചുകൊണ്ട്, തജ്ജലസമ്മുഖീനം ദേവം ത്രിഃ മജ്ജയേത് = ആ തീർത്ഥം മുഖമാകുംവണ്ണം ദേവനേ എടുത്തുംകൊണ്ട് മൂന്നുപ്രാവശ്യം തീർത്ഥജലത്തിൽ സ്നാനം ചെയ്വൂ.

പീഠേഽത്രൈവ നിധായ ദേവമുപചര്യാചാമനിഷ്ഠം ക്രമാ-
ന്മന്ത്രീ തന്മനുഭിഃ പ്രമാർജ്യമഹിതൈശ്ചൂർണ്ണൈഃ സമുദ്വർത്ത്യ ച
നാഭീദഘ്നജലേ സ്ഥിതോഽസുയമനം കുർവന്നൃതം ചാദിഭിർ-
മന്ത്രൈസ്തത്ര കൃതാഘമർഷണവിധിസ്തീർത്ഥേ പുനഃസ്നാപയേത്. 119

മന്ത്രീ അത്ര ഏവ പീഠേ ദേവം നിധായ = ആചാര്യൻ അവിടെ പീഠത്തുങ്കൽ ദേവനേ എഴുന്നള്ളിച്ച്, ആചാമനിഷ്ഠം ക്രമാത് ഉപചാര്യ = അർഘ്യപാദ്യാദി ആചമനങ്ങളേക്കൊടുത്ത്, തന്മനുഭിഃ പ്രമാർജ്യ മഹിതൈഃ ചൂർണൈഃ സമുദ്വർത്യ ച = പരികർമ്മികളോടുകൂടി ആപോഹിഷ്ഠാദി മന്ത്രങ്ങളേക്കൊണ്ടു പുണ്യാഹത്തേ ചെയ്വൂ. തീർത്ഥദേവതാഃ പ്രീയന്താം എന്നു വിശേഷം കൂട്ടിക്കൊള്ളൂ. പിന്നെ പൂജിച്ചിരിക്കുന്ന മഞ്ഞപ്പൊടി തുടങ്ങിയുള്ള പൊടികളേ ആടി വ്യാപകാദി ചെയ്തു നാഭീദഘ്ന ജലേ സ്ഥിതഃ = നാഭിയോളം വെള്ളത്തിലിറങ്ങിനിന്നു ദേവനേ എടുത്തുകൊണ്ട്, ഋതഞ്ചാദിഭിഃ മന്ത്രൈഃ അസുയമനം കുർവൻ കൃതാഘമർഷണവിധിഃ = 'ഋതം ച സത്യം' ഇത്യാദി സൂക്തംകൊണ്ട് പ്രാണായാമത്തേച്ചെയ്തു അഘമർഷണത്തേ ധ്യാനിച്ചു പുനഃ തത്ര തീർത്ഥേ

www.shripuram.org
Shripuram Publications
www.shripuram.org

സ്നാപയേത് = പിന്നെയും മൂന്നു പ്രാവശ്യം ആ തീർത്ഥത്തിൽ ദേവനേ സ്നാനം ചെയ്യിപ്പൂ.

പീഠേ നിവേശ്യ വസനാദ്യമഥോപഹൃത്യ
ദേവം സമർച്ച്യ വിനിവേദ്യ നിവേദ്യമഗ്നൌ
ഹുത്വോക്തവദ് ബലിമപി പ്രവികീര്യ പൂജാ-
ശേഷം സമാപ്യ മനുനേതി നിവേദയേച്ച. 120

അഥ പീഠേ ദേവം നിവേശ്യ = പിന്നെയും ദേവനേ പീഠത്തുങ്കലെ ഴുന്നള്ളിച്ച്, വസനാദ്യം ഉപഹൃത്യ = ആചാര്യൻ തോർത്തി വസ്ത്രത്തേ ഉടുത്താൽ ദേവങ്കൽ വസ്ത്രാദി ഉപഹാരങ്ങളേക്കൊടുത്ത് സമർച്ച്യ നിവേദ്യം വിനിവേദ്യ = മൂർത്തിപൂജയേ ചെയ്തു നിവേദ്യത്തേ നിവേദിച്ച്, അഗ്നൌ ഹുത്വാ ഉക്തവദ് ബലിം അപി വികീര്യ = അഗ്നിയിങ്കൽ വൈശ്യഹോമത്തേച്ചെയ്ത് തീർത്ഥത്തിൽ ബലിയും തൂകി, പൂജാശേഷം സമാപ്യ = നിവേദ്യമെടുത്തു പ്രസന്നപൂജയും ചെയ്ത്, ഇതി മനുനാ നിവേദയേത് = ഈ പറയുന്ന മന്ത്രംകൊണ്ടു പ്രാർത്ഥിപ്പൂ.

'തീർത്ഥേ/സ്മിൻ പാവനേ പുണ്യേ സ്നാതോ/സി പുരുഷോത്തമ!
അതസ്ത്വമനുഗൃഹ്ണീഷ്വ സ്വസ്ഥാനോപാശ്രയേണ നഃ.

ഇത് പ്രാർത്ഥനാമന്ത്രം.

ഹരിവിഷയേ മനുരേവം പരേഷു പരമേശ്വരാദിപദമത്ര
പുരുഷോത്തമപദവിഷയേ കുര്യാത് സ്വസ്യോചിതം മന്ത്രീ. 121

മന്ത്രീ ഹരിവിഷയേ ഏവം മനുഃ = മന്ത്രജ്ഞനായ ആചാര്യൻ വിഷ്ണുവിങ്കലിങ്ങനെ പ്രാർത്ഥനാമന്ത്രത്തേ ചെയ്‌വൂ. അത്ര പരേഷു പുരുഷോത്തമപദവിഷയേ = ഇവിടെ ശിവാദികളിൽ പുരുഷോത്തമ എന്നുള്ള പദത്തുങ്കൽ, സ്വസ്യോചിതം പരമേശ്വരാദിപദം കുര്യാത് = തന്റെ തന്റെ നാമങ്ങളായ പരമേശ്വരപരമേശ്വരീ ഇത്യാദി പദങ്ങളേ ചൊല്ലൂ.

ഉദ്വാസ്യ തീർത്ഥം നിജവാഹനേ ത-
മാരോപ്യ മൂലാലയമാഗമയ്യ
തസ്മിന്നഹന്യേവ നിയോജ്യ മൂല-
ബിംബേ/ഭിഷിച്യ പ്രയജേച്ച ദേവം. 122

തീർത്ഥമുദ്വാസ്യ = തീർത്ഥത്തേ ചൈതന്യത്തേ ദേവങ്കൽ ഉദ്വസിച്ച്, നിജാവാഹനേ തം ആരോപ്യ = തന്റെ വാഹനത്തുങ്കൽ താൻ ഗജരഥാദികളിൽ താൻ ദേവനേ കരേറ്റി, മൂലാലയം ആഗമയ്യ = ദേവന്റെ

Shripuram Publications
www.shripuram.org

മതിലകത്ത് എഴുന്നള്ളിച്ച്, തസ്മിൻ അഹനി ഏവ മൂലബിംബേ നിയോജ്യ = അദ്ദിവസംതന്നെ കർമ്മബിംബഗതദേവനേ പറഞ്ഞവണ്ണംതന്നെ ആവാഹിച്ച് മൂലബിംബത്തുങ്കൽ യോജിപ്പിച്ച വ്യാപകാദിനീരാജനാന്തം ചെയ്ത്, അഭിഷിച്യ ദേവം യഥാവത് പ്രയജേത് = അഭിഷേകവും മുമ്പിൽ തന്നെ ചെയ്തില്ല എങ്കിൽ ചൂർണ്ണങ്ങൾ കളഞ്ഞ് അഭിഷേകം ചെയ്ത് വസ്ത്രാദ്യുപഹാരങ്ങളേക്കൊടുത്ത് ശേഷം പൂജയേയും ചെയ്വൂ. മുമ്പുതന്നെ അഭിഷേകം ചെയ്തിരിക്കുന്നുവെങ്കിൽ ആവാഹനാദി പൂജിപ്പൂ.

തസ്മിൻ പരസ്മിന്നപി[46] വാ$/$ഹനി ദേവം
സമുക്തനീത്യാ കലശൈഃ പ്രഭൂതൈഃ
സംസ്നാപ്യ യാത്രോദിതദോഷശാന്ത്യൈ
സമർച്ചയേദ് ഭൂതബലിം കിരേച്ച. 123

തസ്മിൻ പരസ്മിൻ വാ അപി അഹനി = പിന്നെ അന്നുതന്നെ എങ്കിലും പിറ്റേ ദിവസമെങ്കിലും സമുക്തനീത്യാ പ്രഭൂതൈഃ കലശൈഃ ദേവം യാത്രോദിതദോഷശാന്ത്യൈ സംസ്നാപ്യ = കലശപടലത്തിൽ പറഞ്ഞപോലെ പൂജിക്കപ്പെട്ടിരിക്കുന്ന പാർശ്വബിംബേത്യാദി കലശങ്ങളേക്കൊണ്ട് ആറാട്ടിനു കൊണ്ടുപോയ ദോഷശാന്തിക്കായിക്കൊണ്ട് ദേവനേ അഭിഷേകം ചെയ്ത്, സമർച്ചയേത് ഭൂതബലിം കിരേത് ച = ദേവനേ പൂജിച്ച് അവസ്രാവപ്രോക്ഷണത്തേയും ശ്രീഭൂതബലിയേയും ചെയ്വൂ.

ഇതി തന്ത്രസമുച്ചയേ ധ്വജേജ്യാ-
ബലിസംവേശനതൈർത്ഥികക്രിയാഢ്യഃ
നവമോ$/$നവമാർത്ഥദായിദേവോ-
ത്സവവാദീ പടലഃ പ്രഗ്രഥിതോ ഭൂത്. 124

ഇതി തന്ത്രസമുച്ചയെ = ഇപ്രകാരം തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തുങ്കൽ, ധ്വജേജ്യാബലിസംവേശനതൈർത്ഥികക്രിയാഢ്യഃ = കൊടിയേറ്റിന്റേയും തത്പൂജയുടേയും ശ്രീഭൂതബലികളുടേയും ഉത്സവബലിയുടേയും, അപ്രകാരം പള്ളിക്കുറുപ്പിന്റേയും ആറാട്ടിന്റേയും ക്രിയകളോടുകൂടിയും, അനവമാർത്ഥദായിദേവോത്സവവാദീ = ഉൽകൃഷ്ടങ്ങളായ ധർമ്മാർത്ഥകാമമോക്ഷങ്ങളേ കൊടുക്കുന്നതായും ഇരിക്കുന്ന ദേവന്റെ ഉത്സവത്തേപ്പറയുന്ന, നവമഃ പടലഃ = ഒമ്പതാമത്തേ പടലം പ്രഗ്രഥിതഃ അഭൂത് = സമാപ്തമായി ഭവിച്ചു.

ഈ സമുച്ചയത്തിൽ പടലം ഒമ്പതിലുംകൂടി ശ്ലോകങ്ങൾ 1408.

തന്ത്രസമുച്ചയഭാഷാവ്യാഖ്യായാം നവമപടലം സമാപ്തം.

www.shripuram.org

Shripuram Publications
www.shripuram.org

46. പരസ്മിന്നഥവാ